

# സാഗരം

ചെറുപുഷ്പം ജി എച്ച് എസ് എസ്

വടക്കഞ്ചേരി പലക്കാട്, പിൻ-678683

കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ്
ടെക്നോളജി ഫോർ എഡ്യുക്കേഷൻ




# ആത്മ വിദ്യാലയമേ......
# പ്രണാമം.........!!!

# സ്നേഹത്തിലൂന്നിയ സേവനം ഞങ്ങളുടെ മുഖമുദ്ര.......

പാഥാരം

# വിശുദ്ധ കൊച്ചു ത്രേസ്യ



**ഞങ്ങളുടെ വിദ്യാലയത്തിലേക്ക് അനുഗ്രഹത്തിന്റെ സ്വർഗീയ സുമങ്ങൾ വർഷിക്കുന്ന സ്നേഹ സൂനം........**



# പ്രധാനാധ്യാപികയ്ക്കും കൈറ്റ് മിസ്ട്രസുമാർക്കുമൊപ്പം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# വഴിവിളക്കുകൾ.......



ശ്രീമതി ഷീജ റോബർട്ട്
എച്ച് എസ് ടി ഇംഗ്ലീഷ്
(കൈറ്റ് മിസ്ട്രസ്സ്)
സി ജി എച്ച് എസ് എസ്
വടക്കഞ്ചേരി

സി ആർഷ
എച്ച് എസ് ടി മലയാളം
(കൈറ്റ് മിസ്ട്രസ്സ്)
സി ജി എച്ച് എസ് എസ്
വടക്കഞ്ചേരി



## സ്കൂൾ ഹെഡ്മിസ്ട്രസ്സിനും, കൈറ്റ് മിസ്ട്രസ്സുമാർക്കുമൊപ്പം ഇ-മാഗസിൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

# നിറഞ്ഞ മനസ്സോടെ..........
# യാത്രാമൊഴി........



# മുഖമൊഴി

ഭൂമിയിൽ ഏറെ ഭാവങ്ങളും, വളരെ പ്രധാനപ്പെട്ട ഒരു വേഷവും അഭിനയിച്ചു തീർക്കുന്നുണ്ട് ജലം. ദാഹമകറ്റുന്ന കുടിനീരായി ..... അഴുക്കിനെ ഒഴുക്കി കളയുന്ന ശുദ്ധജലമായി...... അങ്ങനെ എത്രയെത്ര വേഷങ്ങൾ........

*'പാഥാരം'* എന്നാൽ കടൽ എന്നർത്ഥം. തന്നിലണയുന്ന ഏതൊന്നിനെയും പിന്നീടൊരിക്കലും വേർതിരിച്ചെടുക്കാനാവാത്ത വിധം അസ്തിത്വത്തിലേക്ക് അലയടിപ്പിക്കുന്ന, ലവണത്വം നിറക്കുന്ന നീലസാഗരമാണ് *'പാഥാരം'*.

നിയോഗങ്ങളെ ചുമലിലേറ്റി മുന്നോട്ടു നീങ്ങാൻ *'പാഥാര'*മെന്നൊരു സ്വപ്നം മനസ്സിൽ കൊണ്ടുനടക്കുന്നു പുഴ-യും, നദിയും, കൊച്ചരുവിപോലും! ഒഴുക്കുകൾ സ്ഥായിഭാവങ്ങൾ എതിരല്ല. അത് പൂർണതയിലേക്ക് അവിരാമ പരിണാമമാണ്. സംഗമസ്ഥാനങ്ങൾ എവിടെയും പുണ്യസ്ഥാനങ്ങളാണ്. *'പാഥാരം'*സംഗമം എന്നൊരു സാധ്യതയിലേക്ക് ഒടുവിലെല്ല എത്തിച്ചേരുക!

*'പാഥാരം'* നൽകുന്നതെല്ലാം അമൂല്യമാണ്. ജലനീലിമയുടെ ആഴത്തിലിറങ്ങി മുങ്ങിത്തപ്പിയാൽ കിട്ടുന്നത് വിലമതിക്കാനാവാത്ത വസ്തുതകൾ. പാഥാരം നീലിമയിൽ സൂ-

## പാഥാരം

ര്യൻ മറഞ്ഞുതാഴു ന്നതും, ഉദിച്ചുയരുന്നതും എന്ന ഹൃദയഹാരി തന്നെ! കണ്ണെത്താദ്ദൂരത്ത് പരന്നു കിടക്കുന്ന *'പാഥാരം'*ത്തി- ലേക്ക്...... മിഴിയിണ കൊണ്ടൊരു വലയിറക്കാം.... അവിടെ നിങ്ങളെ കാത്തിരിക്കുന്നത് വിലമതിക്കാനാവാത്ത വിഭവങ്ങ ളാണ്. കൈനിറയെ വാരിയെടുത്ത് മനസ്സ് നിറയെ ആസ്വദി- ക്കാൻ ...... ലിറ്റിൽ കൈറ്റ്സൊരുക്കുന്ന ഈ *'പാഥാരം'* ഭൂമി- യിലെ നിറമനസ്സോടെ നിങ്ങൾക്കു സമർപ്പിക്കുന്നു.................!



# ആശംസ



ചിന്തയും ഭാവനയും സാങ്കേതികതയുടെ ചിറകിലേറി പ്രയാ– ണം ആരംഭിക്കുന്നു. മഴവില്ലിന്റെ ശോഭ വിരിയുന്ന ചക്രവാലങ്ങൾ അവ രൂപപ്പെടുത്തുന്നു. ചെറുപുഷ്പം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ രൂപപ്പെടുത്തിയ *'പാഥാരം'* എല്ലാം കൊണ്ടും മികവേ റിയതാണ്. കൈറ്റ്സ് മിസ്ട്രസ്സുമാരായ സി.ആർഷയുടെയും, ശ്രീമതി ഷീജ റോബർട്ടിന്റെയും നേതൃത്വം വിദ്യാർത്ഥികളിൽ സാങ്കേതിക വിദ്യയുടെ നവീന ചക്രവാളം തുറന്നിരിക്കുന്നു എന്നത് ഈ മാഗസിനിൽ നിന്നും സ്പഷ്ടമാണ്. വായനയുടെ..... വരയുടെ.... വർണത്തിന്റെ..... വൈവിധ്യമേറിയ സൃഷ്ടികളിലേക്ക്..... ആസ്വാദ നമികവോടെ നമ്മുക്ക് മുന്നേറാം. ഒരു കോടി അഭിനന്ദനങ്ങൾ!!!!

# ആശംസ



വിവരസാങ്കേതിക വിദ്യയിൽ നവ ചലനങ്ങൾ സം- ഭവിച്ച കൊണ്ടിരിക്കുന്ന ഈ ഉത്തരാധുനിക യുഗത്തിൽ, സാ- ങ്കേതിക വിദ്യയിൽ മികവ് തെളിയിച്ച് പുതു വഴികൾ വെട്ടിത്തുറ ന്ന് വിദ്യാലയത്തിന്റെ യശസ്സിനെ വാനോളമുയർത്തി മുന്നേ റുന്ന എല്ലാ ലിറ്റിൽ കൈറ്റംഗങ്ങൾക്കും ഹൃദയം നിറഞ്ഞ അഭി വാദ്യങ്ങൾ! വിദ്യാഭ്യാസരംഗത്ത് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന നമ്മുടെ സംസ്ഥാനത്തിൽ ലിറ്റിൽ കൈ റ്റ് സംഘടന കാഴ്ച്ചവയ്ക്കുന്ന എല്ലാ നവസംരംഭങ്ങൾക്കും, വിശി ഷ്യാ ഈ വർഷം ഒൻപതാം തരത്തിൽ പഠിക്കുന്ന ലിറ്റിൽ കൈ റ്റംഗങ്ങൾ പുറത്തിറക്കുന്ന *'പാഥാരം'* എന്ന ഡിജിറ്റൽ മാഗ സിനും എല്ലാവിധപിന്തുണയും നൽക്കുന്നതോടൊപ്പം വിജയാ ശംസകളും നേരുന്നു.....

# ജ്യോതിർഗോളമായ് ജ്വലിച്ചുനിൽക്കുന്ന ഗുരുചരണങ്ങളിൽ പ്രണാമം......!!



# ഇതൾ വിരിയുമ്പോൾ

കാലത്തിന്റെ ചിറകിലേറി ലിറ്റിൽ കൈറ്റ്സ്.....17
വീണ്ടുമൊരു പൂക്കാലം.....19
മാസ്ക് ധരിക്കൽ.....21
ഗുരുത്വപ്രഭയാൽ പ്രഫുല്ലമാകട്ടെ-.....22
ഓരോ ജീവിതവും.....22
പോയ് മറഞ്ഞ ഓർമ്മകൾ.....25
മല്ലികയിലേയ്ക്ക്.....26
ജൂനിയർ റെഡ് ക്രോസ്സ്.....28
പിംഗലി വെങ്കയ്യ.....29
ദേശീയ പതാകയുടെ പിതാവ്.....29
കോവിഡ് കാലം:ഇന്റർനെറ്റ് ഉപയോഗം.....31
ലിറ്റിൽ കൈറ്റ്സ്.....33
വിവര സാങ്കേതിക വിദ്യയുടെ വിസ്മയ ചിറകിലേറി...... വിദ്യാലയത്തിന്റെ നാഡീ സ്പന്ദനമായി ലിറ്റിൽ കൈറ്റ്സ്.....33
വൈകിയെത്തിയ വസന്തം!!!.....35
ഒരു ഗ്ലാസ് പാലിന്റെ വില.....37
നിലാവ്.....40
സ്പോർട്സും ആരോഗ്യവും.....42
ഗൈഡ്സ്.....44
നൂതന സാമൂഹികസേവന വഴികൾ പൊതു ജനങ്ങളിലേക്കെത്തിക്കാൻ ഊർജസ്വലരായി പ്രവർത്തിക്കുന്ന ഗൈഡ്സ് ഈ വിദ്യാലയത്തിൽ നിസ്വാർത്ഥ സേവനം കാഴ്ചവയ്ക്കുന്നു.....44
എൻ.എസ്.എസ്.....45
സ്ത്രീ.....46
വീണ്ടുമൊരു പരീക്ഷാക്കാലം വരവായ് .....47
അക്ഷര ലോകം.....51
പ്രസംഗവും പ്രവൃത്തിയും.....52
ഒരു കൊറോണകാലത്തിന്റ.....53
ഓർമയ്ക്കായ്.....53
കാനനരോദനം.....54
നാട്ടു മാഹാത്മ്യം.....57
അതിജീവനം.....58
വിദ്യാർത്ഥികളും അച്ചടക്കവും.....60
നഷ്ടം.....63
കുട്ടികളിലെ ഡിപ്രഷൻ.....64
സൗഹൃദം.....67

ഫോട്ടോഗ്രാഫി.....68
ശീലങ്ങൾ- ലക്ഷ്യപ്രാപ്തിയുടെ പാലങ്ങൾ.....70
പ്രകൃതിയെ സംരക്ഷിക്കാം.....73
അമ്മ.....74
വിദ്യാർത്ഥി രാഷ്ട്രീയം.....75
വായനയുടെ മഹത്വം.....76
മഹാൻമാരുടെ വരികളിലൂടെ.....76
കണ്ണുനീർ.....78
എന്താണ് ജീവിതത്തിന്റെ മൂല്യം?.....79
മഴ.....81
ഡോക്ടേഴ്സ് ഡേ.....82
മൈത്രി.....84
പഠനം അനുഭവത്തിലൂടെ.....86
തിരിച്ചറിവ്.....88
ചിന്ത.....90
ഒരു കൊറോണ കാലത്ത്.....91
മടി.....93
കടം കഥകൾ.....94
കാർമേഘം.....96
നിറ മനസ്സോടെ.....97

# കാലത്തിന്റെ ചിറകിലേറി ലിറ്റിൽ കൈറ്റ്സ്....

2018-ൽ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ട ലിറ്റിൽ കൈറ്റ്സ്, പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ആരംഭിച്ച വിവിധ പദ്ധതികൾ കൂടിചേർന്നതാണ്. കാലത്തിനനുസരിച്ച് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനോടൊപ്പം പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയ ഐടി അധിഷ്ഠിത അറിവുകളുടെ വിനിമയത്തിനപ്പുറമായി ഭാവിതലമുറയുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുവാൻ കൂടി ഈ ഐ ടി ക്ലബ്ബ് ലക്ഷ്യമിടുന്നു. എന്നതാണ് ലിറ്റിൽ കൈറ്റ്സിനെ ആനുകാലിക പ്രസക്തമാക്കുന്നത്.

പൊതുവിദ്യാലയങ്ങളിൽ ഐ ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക നേതൃത്വം നൽകുന്ന സർക്കാർ സ്ഥാപനമായ കൈറ്റ് [കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എടുകേഷൻ] കാലത്തിനൊപ്പം നടക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക മാത്രമല്ല, സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുകയും, അത് കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട മൂല്യങ്ങളും സംസ്കാരങ്ങളും വിദ്യാർത്ഥികളിൽ സൃഷ്ടിക്കുകയും ചെയ്യുന്നു. ഹൈടെക് പദ്ധതിയുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളോടൊപ്പം ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളിൽ പാരസ്പര്യവും, സാമൂഹി-


ക ബോധവും വളർത്തിയെടുക്കുന്നതിനായി പൊതുപരിപാടികൾ, സന്നദ്ധപ്രവർത്തനങ്ങൾ, ക്യാമ്പുകൾ, ദിനാചരണങ്ങൾ എന്നിവയും കുട്ടികളുടെ ഈ കൂട്ടായ്മ നടത്തിവരുന്നു.

കഴിഞ്ഞ വർഷം ലിറ്റിൽ കൈറ്റ്സിന്റെ സമഗ്രമായ പ്രവർത്തനങ്ങൾക്ക് ജില്ലയിൽ ഒന്നാം സ്ഥാനം നമ്മുടെ വിദ്യാലയത്തിന് ലഭിച്ചു എന്നതിൽ നമുക്ക് ഏറേ അഭിമാനിക്കാം!



വിഭ വിനോദ്

10 ഡി



# വീണ്ടുമൊരു പൂക്കാലം

മീത്രു...നീ എവിടെയാ...ഇവിടെ വാ.... ആ... അവിടെ ചെന്ന് നിൽക്ക്. ഞാൻ പോകാണേ..... നിനക്ക് നല്ല സുഖല്ലേ സ്കൂളിൽപ്പോണ്ടാ, പഠിക്കണ്ടാ, ഒന്നും വേണ്ട ഇന്ന് സ്കൂളീപ്പോണം എനിക്ക്. കഴിഞ്ഞ മാസം സ്കൂളടച്ചപ്പോ വിചാരിച്ചു ഇനി അടുത്ത ജൂണിലേ ഉണ്ടാകുന്ന്. അന്ന് ഉച്ചവര്യായിരുന്നു. ഇനി ഫുള്ളാണ് മോനേ. ഫുൾഡേ സ്കൂളിലിരിക്കണം. ടൈംടേബിളിട്ട്....... ഈ ടിച്ചർമാർക്ക് ബോറടിക്കുന്നില്ലെ....... ആവോ നീയിവിടെയിരിക്ക് അമ്മ വരുമ്പോ നിന്റെ ഫുഡ് തരും. നിന്റെ ഫോട്ടോ അയച്ചുകൊടുക്കാൻ മീനു പറഞ്ഞിട്ടുണ്ട്. വന്നിട്ട് നമുക്ക് ഫോട്ടോഷൂട്ട് നടത്താം. ഓ കെ.

അമ്മാ...... ഞാനിറങ്ങാണേ..... മിത്രു..... ബൈ..... ഹായ് ചിന്നു നേരത്തേ വന്നോ ആ..... ഇന്ന് അച്ഛനാ കൊണ്ടു വിട്ടത് ദാ.... ടീച്ചർമാർവരുന്നുണ്ട്. ഗുഡ് മോണിങ് ടീച്ചേഴ്സ് ഗുഡ് മോർണിങ് ബാക്കിയുള്ളോരൊക്കെ എവിടെ അരുണേ അവരെല്ലാം വരുന്നുണ്ട് ടീച്ചർ. ഹായ് എത്രകാലമായി എല്ലാവരും ഒരുമിച്ച് ഇരുന്നിട്ട് അല്ലേ മീനു ആ ഓൺലൈനിലാണെങ്കിൽ ആരേം കാണാനും പറ്റില്ല. ഇനി സുഖായി. എല്ലാവരേം കാണാം സംസാരിക്കാം. അരുണേ വാ.... ബാഗ് എവിടെ? ദേ, അപ്പുറത്തെ ക്ലാസ്സില് പുതിയ കുട്ടിവന്നിട്ട്ണ്ടത്രേ..... നമ്മുക്ക് നോക്കിയിട്ട് വരാം.... അപ്പഴേക്കും ബെല്ലടിക്കും വേഗം വാ..... ആ ദാ വരണു. ഞാനൊരു കാര്യം മറന്നു. ഞാനിന്ന് ചാമ്പക്കകൊണ്ടു വന്നിട്ട്ണ്ട് ആ ബാഗിന്റെ ഫസ്റ്റ് കള്ളീലുണ്ട് ശരി നീയിവിടെ നിൽക്ക്, ഞാനെടുത്തിട്ടു വരാം അരുണേ

അയ്യോ...... എന്തേ എന്തു പറ്റി മീനു

അരുണേ, നിന്റെ ബാഗില്

എന്താ..... എന്താ ബാഗില്

ദേ നോക്ക്യേ അയ്യോ..... മീരു

മീരു നീയെന്താ ഇതില്.... എങ്ങിന്യാ ഈ ബാഗില് കേറ്യേ

മ്യാവൂ....... മ്യാവൂ....... അരുണേ എണീക്ക്.... നേരംകോറേയായി ഞാൻ വിളിക്കാൻ തൊടങ്ങീട്ട്.... പൂച്ചക്കുട്ടി ചെവീലാ കരയണത്ന്ന്ട്ടും അറിയണില്ല്യേ.... ഇന്ന് സ്കൂളിൽ പോകണം എണിക്ക് കുട്ട്യേ..... കുളിക്ക് വേഗം...... ഇനീം കിടന്നാൽ ഇന്ന്

സ്കൂളീ പ്പോകേണ്ടി വര്യല്ല്യ.....

ങ്ങേ..... സ്വപ്നായിരുന്നോ

മ്യാവൂ.... മ്യാവൂ....

ന്റെ മീരു.....



മിനി കെ.സി

എച്ച് എസ് എസ് ടി മലയാളം

# മാസ്ക് ധരിക്കൽ

ലോകത്തുള്ള മനുഷ്യരെ മുഴുവൻ
ക്വാറന്റൈനിൽ ആക്കിയ ഭീമൻ.
ഇത്തിരി പോന്നോരു കുഞ്ഞൻ വൈറസ്സ്
വായിലൂടെ പകർന്നീടുന്നു.
മാസ്ക് ധരിക്കാൻ ഭാര്യ പറഞ്ഞത്
കേൾക്കാതിറങ്ങിയ രാഘവൻ ചേട്ടൻ
കണ്ടവടങ്ങളിൽ ഒക്കേ പോയി
സുഹൃത്തുക്കളുമായി ഉല്ലസിച്ചൊ–
രാലിൻ ചുവട്ടിൽ ഇരിക്കും നേരം.
നൊടിയിടപാഞ്ഞടുത്തോരു പോലീസ്
അടിയും കിട്ടി ഇടിയും കിട്ടി
കൂടെ ഒരുത്തനു കോവിഡും കിട്ടി
ഇപ്പോൾ ചേട്ടൻ ക്വാറന്റൈനിൽ
അതിനാൽ ലോകരെ മാസ്ക് ധരിക്ക
സാമൂഹ്യ അകലത്തിൽ ഇരിക്ക
സാനിറ്റൈസറും ഹാൻവാഷുമായി
വൈറസിനെ തുരത്തീടുക നാം.



അനുശ്രീ ടി എസ്
9 സി

# ഗുരുത്വപ്രഭയാൽ പ്രഫുല്ലമാകട്ടെ- ഓരോ ജീവിതവും

നല്ല അധ്യാപകൻ പ്രവാചകനാണ്[1]. എന്നു പറഞ്ഞതു ഭാരതം കണ്ട ശാസ്ത്രപ്രതിഭയും മുൻരാഷ്ട്രപതിയുമായ എ. പി. ജെ. അബ്ദുൾ കലാം ആണ്. 'നന്നായി വരും' എന്ന ഗുരുവരം ശിരസ്സി ലേറ്റുനീങ്ങുന്ന ശിഷ്യഗണങ്ങൾ ഗുരുത്വം നൽകുന്ന പ്രകാശത്തിന്റെ കിരണങ്ങളാകും. ഗുരുകുലവിദ്യാഭ്യാസകാലത്തെ മുനിവര്യൻമാർ മുതൽ ഹൈടെക് കാലഘട്ടത്തിലെ അധ്യാപകർ വരെയുള്ള അധ്യാപക ജീവിതധന്യതയെ ശിഷ്യലോകം നമിക്കുന്ന പവിത്ര ദിനമാണ് സെപ്റ്റംബർ–5 അധ്യാപകദിനം!

ഇന്ത്യയുടെ പ്രസിഡന്റും, പ്രശസ്ത അധ്യാപകനുമായിരുന്ന ഡോ.എസ്.രാധാകൃഷ്ണന്റെ ജന്മദിനമാണ് അധ്യാപക ദിനം. നവഭാരത സൃഷ്ടിക്കായിമികച്ച ദേശമനസ്സുള്ള പൗരന്മാരെ വാർത്തെടുക്കുക എന്ന നിയോഗമാണ് ഓരോ അധ്യാപകനും നിർവഹിക്കേണ്ടത് എന്ന് ഉറച്ച് വിശ്വസിച്ച വ്യക്തിയാണ് ഡോ.എസ്. രാധാകൃഷ്ണൻ.

'ഗുരു' എന്ന സംസ്കൃത പദത്തിന്റെ അർഥം 'ഇരുട്ടിനെ അകറ്റുന്നവൻ' എന്നാണ്. അതിനാൽ ഓരോ അധ്യാപകനും ചലിക്കുന്ന പ്രകാശഗോപുരങ്ങളാണ്. അജ്ഞതയുടെ അന്ധകാരത്തിനു മുന്നിൽ പകച്ചു നിൽക്കുന്ന വിദ്യാർത്ഥിക്കു ഗുരു 'വാതിൽ തു

1 പ്രവാചകൻ – ദീർഘദർശി, കാര്യങ്ങൾ മുൻകൂട്ടി കാണുന്നവൻ

റക്കുന്നവനാണ്. നമ്മുടെ എല്ലാ അധ്യാപകരും നമ്മെ ജീവി ക്കാൻ പ്രചോദിപ്പിക്കുന്ന[2] ഓർമ്മയാകണം. അങ്ങനെ വീണ്ടും വീണ്ടും ജീവിക്കാനും അതിജീവിക്കാനുമുള്ള ഗുരു സ്മരണയ്ക്കാണ് 'ഗുരുത്വം' എന്നു പറയുന്നത്. ഇരുട്ടിനെ അകറ്റുന്നതു പ്രകാശമാണ് അതിനാൽ ഗുരു വെളിച്ചമാണ്. എല്ലാശിഷ്യരിലും കത്തിനിൽക്കുന്ന വെളിച്ചം. ആരിലെങ്കിലും ഈ വെളിച്ചം കെട്ടുപോകുമ്പോഴാണ് അവർ 'ഗുരുത്വം'കെട്ടവരാകുന്നത്.

നമ്മിൽ ചിലർക്കെങ്കിലും വിദ്യാലയം വിട്ടിറങ്ങുമ്പോൾ നമ്മെ ശിക്ഷിക്കുകയും ശാസിക്കുകയും ചെയ്ത ചില അധ്യാപകരോടെങ്കിലും മനസ്സിൽ അപ്രിയമുണ്ടായേക്കാം. എന്നാൽ വിദ്യാർത്ഥിയോട് ഉള്ളിൽ പകയില്ലാത്തവരാണ് അധ്യാപകർ! സ്വന്തം മക്കളെപ്പോലെ കരുതി അനേകായിരങ്ങൾക്ക് ജീവിത പാഠങ്ങളോതിയോതി ആയിസുതീർക്കുന്ന ഗുരുപാദങ്ങളിൽ ഈ ദിനത്തിലെങ്കിലും നമ്മൾ  വന്ദനമേകണം.! ആരുമറിഞ്ഞില്ലെങ്കിലും ഒട്ടനവധി ത്യാഗങ്ങളുടെയും, ആത്മനൊമ്പരങ്ങളുടെയും നെരിപ്പോടിനു മുകളിലിരുന്നാണ് നമ്മുടെ മുൻപിൽ അവർ നിത്യവും അക്ഷരപ്പൂവായി വിരിയുന്നത്! ഇതരമതഭേദങ്ങൾക്കും കക്ഷിരാഷ്ട്രീയത്തിനും അതീതമായ സമഭാവനയോടെ എല്ലാ വിദ്യാർത്ഥികളെയും പഠിപ്പിക്കുന്ന അധ്യാപകരെയാണ് ഇന്നിന്റെ വിദ്യാർത്ഥികൾ കൊതിച്ചു കാത്തിരിക്കുന്നത്. അനവധി വർഷങ്ങൾ ഹാജർ ബുക്കും, പാഠപുസ്തകവും ചോക്കും പിടിച്ച് വിരൽത്തഴമ്പുവന്നവർ, ആയിരക്കണക്കിനു വിദ്യാർത്ഥികളെ മാത്രം സ്വപ്നം കണ്ടുറങ്ങിയവർ, പൊ–

2 പ്രചോദിപ്പിക്കുന്ന – പ്രേരിപ്പിക്കുന്ന, താൽപര്യം ജനിപ്പിക്കുന്ന

ന്നാടകളോ, പൂമാലകളോ ലഭിക്കാതെ ഒരായിസ്സിന്റെ നിയോഗം നിറവേറ്റിയതിന്റെ മനംനിറഞ്ഞ സ്മരണകളുമായി ആരുമറിയാ-തെ വാർധക്യം തള്ളിനീക്കുന്നുണ്ടാവും. ഒരിക്കലും ഒരു സർക്കാരും അവാർഡൊന്നും നൽകിയില്ലെങ്കിലും ഒത്തിരി ബാല്യങ്ങളെ മൂല്യ ബോധത്തിൽ ഉറപ്പിച്ചതിന്റ ധന്യത ജീവിത വിജയമായിക്കാണു ന്നവരാണവർ.

ഗുരുഭക്തിയിലലിയുന്ന ശിഷ്യഹൃദയങ്ങളിൽ ഗുരുത്വം വർഷിക്കപ്പെടുന്ന പവിത്രയജ്ഞമാണ് വിദ്യാഭ്യാസം. ഗുരു ഭക്തി യാണു ശിഷ്യന്റെ പുണ്യമാർഗ്ഗം! പഠിക്കുന്ന കാലത്തല്ല, ജീവിക്കുന്ന കാലത്താണ് നമ്മെ പഠിപ്പിച്ച അധ്യാപകരുടെ അനുഗ്രഹം ന മ്മൾ അനുഭവിക്കുന്നത്. നമ്മെ പഠിപ്പിക്കുന്ന എല്ലാവരും ഗുരുത്വ ത്തിന്റെ വിതരണക്കാരാണെന്ന് അറിയുന്നത് പഠനശേഷമാ-ണ്. ആയതിനാൽ നമുക്ക് ഗുരുപൂജ ശീലമാക്കാം. ജീവിതം ഗുരുത്വ പ്രഭയാൽ പ്രഫുല്ലമാകട്ടെ[3]!



ഷീജ റോബർട്ട്
എച്ച് എസ് ടി ഇംഗ്ലീഷ്

3 പ്രഫുല്ലം– വിടർന്ന

# പോയ് മറഞ്ഞ ഓർമ്മകൾ

ഇന്നും എന്റെ മനസ്സിന്റെ
ഏതോ ഒരു കോണിൽ
മറയാതെ മായാതെ കിടപ്പൂ
എൻ ബാല്യകാല ഓർമ്മകൾ
പച്ചപ്പരവതാനിയിൻ മേൽ
പാറിക്കളിച്ചുനടന്ന എൻ
കാൽപ്പാദങ്ങളെ ഞാനിന്ന് ഓർക്കുന്നു
മാവിൻ കൊമ്പിൽ എത്തിപ്പിടിക്കും
എൻ കൈകൾ
ഞാനിന്ന് കൊതിക്കുന്നു
കുന്നിൻ ചെരുവിലെ പട്ടത്തിനൊപ്പം
ഇന്നിതായെൻ മനസ്സ് ചഞ്ചലനൃത്തമാടുന്നു.



ആതിര ബാബു
9 സി

# മല്ലികയിലേയ്ക്ക്........

ഒരു അധ്യാപകിയുടെ ജീവിതത്തിലെ ഏറ്റവും വലിയ സമ്പത്ത് എന്തെന്നു ചോദിച്ചാൽ ഒരു സംശയവും കൂടാതെ പറയാൻ കഴിയുന്ന ഉത്തരം ശിഷ്യസമ്പത്തു തന്നെയാണ്. ജീവിതത്തിൽ എന്തൊക്കെനേടിയെന്ന് അഹങ്കരിച്ചാലും അവയെല്ലാം ഇന്നെല്ലെങ്കിൽ നാളെ നശിച്ചു പോകുന്നതാണ് പക്ഷേ ശിഷ്യർ എന്ന സമ്പത്ത് ഒരിക്കലും തുടച്ചുമറ്റാവുന്നതല്ല. നമ്മുടെ കുട്ടികൾ മിടുക്കരായി ജീവിതത്തിൽ വിജയിക്കുമ്പോൾ അവരുടെ വീട്ടുകാരെ പോലെതന്നെ ഏറെ സന്തോഷിക്കുന്നവരാണ് അധ്യാപകരും. മിടുക്കരായി പഠിക്കാൻ കഴിഞ്ഞില്ലെങ്കിലും ജീവിതത്തിൽ പ്രായോഗികമായി വിജയിക്കാൻ കഴിയുന്നവരാണെങ്കിൽ അവർക്കു ലഭിച്ച വിദ്യയും വിജയിച്ചുവെന്നു പറയാം. ജീവിത്തിൽ പ്രതിസന്ധികൾക്കിടയിൽ ധീരതയോടെ നേരിടാൻ കരുത്തു നേടിയ ഒരു ശിഷ്യയെ പരിചയപെടുത്താം. മല്ലിക– അവളുടെ ജീവിതത്തിൽ പ്രതിബന്ധങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സർക്കാരിന്റെ പുറമ്പോക്ക് ഭൂമിയിൽ ടാർപോളിൻ കൊണ്ടുമറച്ച ഒരു മുറിയുള്ള കുടിൽ. അച്ഛൻ ഉപേക്ഷിച്ചുപോയി. അമ്മയും പറക്കമുറ്റാത്ത മൂന്നു സഹോദരങ്ങളും സ്കൂളിൽ നിന്ന് ലഭിക്കുന്ന ഉച്ചക്കഞ്ഞി വിളമ്പിക്കഴിഞ്ഞ് ബാക്കിവരുന്നതെല്ലാം അവൾ കോരിയെടിത്ത് പാത്രത്തിലാക്കും. ഉച്ചക്കഞ്ഞിക്കുവേണ്ടി മുടങ്ങാതെ സ്കൂളിൽ വരുന്ന മല്ലിക. പകുതി പട്ടിണിയും

മുഴപ്പട്ടിണിയുമായി തന്റെ കുഞ്ഞു  സഹോദരങ്ങളെയുമെടുത്ത് വീടുകൾ കയറിയിറങ്ങി വസ്ത്രം, ഭക്ഷണം, പൈസ എല്ലാം യാചിച്ച വാങ്ങും. ഇത്രയൊക്കെ വേദനിച്ചിട്ടും അവൾ ഒരിക്കലും നിരാശയായി രുന്നില്ല. ധീരതയോടെ ജീവിതത്തെ നേരിടാൻ ശക്തിയാർജിച്ചുകൊണ്ടിരുന്നു. രാത്രിയിൽ ഒട്ടും സുരക്ഷിതമല്ലാത്ത കുടിലിൽ ഉറങ്ങാത്ത ദിനങ്ങൾ ഏറെയുണ്ടായിരുന്നു. കൗമാര പ്രായമെത്താറായ അവൾക്ക് തന്റെ ശരീരത്തെയും ഏറെ സൂക്ഷിക്കണമല്ലോ...

ജീവിതത്തിൽ വിജയിക്കാൻ ആത്മധൈര്യവും മനോബലവും പ്രത്യാശയും ശുഭാപ്തി വിശ്വാസവും അത്യാവശ്യ  മാണെന്ന്  അവൾ പഠിപ്പിച്ചു തന്നു. പ്രതിസന്ധികളിൽ തളരാതെ, തകരാതെ സധൈര്യം മുന്നോട്ട് പോവുക. എല്ലാവർക്കും വിജയം ഉറപ്പാണ്.



ഷേർലി സെബാസ്റ്റിൻ
എച്ച് എസ് ടി മലയാളം

# ജൂനിയർ റെഡ് ക്രോസ്സ്

## അതിജീവനവഴികളിൽ തങ്ങളുടെ സാന്നിധ്യം അറിയിച്ചുകൊണ്ട് ജൂനിയർ റെഡ് ക്രോസ്സ് അഥവാ JRC ഈ വിദ്യാലയത്തിൽ സജീവമായി പ്രവർത്തിച്ചു വരുന്നു.





# പിംഗലി വെങ്കയ്യ
# ദേശീയ പതാകയുടെ പിതാവ്

ഇന്ത്യയുടെ ദേശീയപതാക രൂപകൽപന ചെയ്ത വ്യക്തിയാണ് പിംഗലി വെങ്കയ്യ. ആന്ധ്രാപ്രദേശിലെ ഭട്ടലപെനു മരു എന്ന സ്ഥലത്ത് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ലണ്ടനിൽ പോയി സീനിയർ കേം ബ്രിഡ്ജ് പൂർത്തിയാക്കി. 1961 ൽ അദ്ദേഹം ഇന്ത്യൻ ദേശീയ പതാക എങ്ങനെയായിരിക്കണം എന്നു സംബന്ധിച്ച് മുപ്പതു രൂപകൽപനകൾ ഉൾക്കൊള്ളുന്ന ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. 1918 നും 1921 നും ഇടയിലെ എല്ലാ കോൺഗ്രസ് സെഷനുകളിലും, അദ്ദേഹം ഭാരതത്തിന് ഒരു സ്വന്തം പതാക യുണ്ടായിരിക്കണമെന്ന ആശയം മുടക്കമില്ലാതെ അവതരിപ്പിച്ചിരുന്നു. 1982 ൽ വിജയ വാഡയിൽ നടന്ന കോൺഗ്രസ് മീറ്റിംഗിൽ വെച്ച് പിംഗലി വെങ്കയ്യയുടെ ദേശീയ പതാകയുടെ മാതൃക ഗാന്ധി ജി അംഗീകരിച്ചു.



ജെൻഷ സജി
9 ബി





വര:- ശ്രീലക്ഷ്മി കെ (9 ഇ)

# കോവിഡ് കാലം:ഇന്റർനെറ്റ് ഉപയോഗം

2021–22 വർഷത്തിലാണ് കേരളത്തിൽ സ്മാർട്ട്ഫോണിന്റെ ഉപയോഗം വർധിക്കുന്നത്. പള്ളിക്കൂടം വിട്ട് ഓൺലൈൻ ക്ലാസ്സിലേക്ക് പോകുമ്പോൾ സ്മാർട്ട്ഫോണ് എന്നത് ഒരു അവശ്യവസ്തുവായി മാറുന്നു. എന്നാൽ പഠനം എന്ന മേഖലയിൽ മാത്രമല്ല സ്മാർട്ട്ഫോണുകൾ ഉപയോഗിക്കുന്നത്. അത് മറ്റുതലങ്ങളിലും പോയെന്നിരിക്കും. ഈ കാലഘട്ടത്തിൽ നാം അതിരുവിട്ട് ഫോണുകൾ ഉപയോഗിക്കുമ്പോൾ അത് തെറ്റായ രീതികളിലേക്ക് പോവുന്നു. ഫോൺ എന്ന മഹത്തായ കണ്ടുപിടുത്തം നാം കാരണം തെറ്റായ രീതികളിലേക്ക് പോവുന്നു. സൈബർ ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്. നാം അറിയാതെ പോവുന്ന ഒരുപാട് കാര്യങ്ങളുണ്ട്. ബാങ്കിൽ പോവാതെ പണമിടപാടുകൾ നടത്താം, കടകളിൽ പോവാതെ സാധനങ്ങളും മറ്റും വാങ്ങാൻ ഇന്ന് സംവിധാനമുണ്ട്. ഒരാളുടെ അനുവാദം കൂടാതെ അയാളുടെ ബാങ്ക് അക്കൗണ്ടിൽ നിന്ന് പണം പിൻവലിക്കാനും, മറ്റൊരാളുടെ പേരിൽ വ്യാജ ഇ–മെയിൽ, ഫെയ്സ്ബുക്ക് അക്കൗണ്ടുകൾ ഉണ്ടാക്കി അയാളാണെന്ന് ധരിപ്പിച്ച് ചാറ്റ് ചെയ്യുക, സാമ്പത്തികമായ കുറ്റകൃത്യങ്ങൾ നടത്തുക, സ്ഥാപനങ്ങളുടേയും മറ്റും വെബ്സൈറ്റ് ഉപയോഗിച്ച് ഉപഭോക്താക്കളെ വഞ്ചിക്കുക. ഇവയെല്ലാം നാമിന്ന് അറിയുന്ന കാര്യങ്ങളാണ്. ഇതെല്ലാം കുറ്റകൃത്യങ്ങളുമാണ്. ഇവ കൂടാതെ മറ്റൊരാളെ അപകീർത്തിപ്പെടുത്തുന്നതുപോലെയുള്ള സന്ദേ

ശങ്ങൾ പ്രചരിപ്പിക്കുക, മറ്റുള്ളവരുടെ ഫോട്ടോകൾ തെറ്റായി പരസ്യപ്പെടുത്തുക, കമ്പ്യൂട്ടറിലൂടെ മറ്റുള്ളവരുടെ സ്വകാര്യ ഡാറ്റകൾ ചോർത്തുക, അശ്ലീല ചിത്രങ്ങൾ ഉണ്ടാക്കുക എന്നതെല്ലാം തെറ്റായ കാര്യങ്ങളാണ്. ഈ കുറ്റകൃത്യങ്ങളുടെ ഇരയാവാതെ നാം ജാഗ്രത പുലർത്തണം.



സൂര്യ.എം
9–ഡി

# ലിറ്റിൽ കൈറ്റ്സ്

## വിവര സാങ്കേതിക വിദ്യയുടെ വിസ്മയ ചിറകിലേറി....... വിദ്യാലയത്തിന്റെ നാഡീ സ്പന്ദനമായി ലിറ്റിൽ കൈറ്റ്സ്....



# പാഥാരം





# വൈകിയെത്തിയ വസന്തം!!!

നിമിത്തം, വല്ലാത്തനിമിത്തം!
എത്തി ഞാനീ പൂന്തോപ്പിൽ
കായ്ക്കാത്ത, പൂക്കാത്ത
ഞാനെന്ന ചെടി
പൂത്തു, കായ്ച്ചു
അനേകരിൽ ഞാനേകൻ
പൂക്കണം, കായ്ക്കണം
എന്നിലെ മൊട്ടിനും....
പൂവായ് കായായ് കുട്ടായ്....
ഞാനും അനേകരിലൊരുവൻ
വന്നു, വസന്തം എന്നിലും
വൈകിയെത്തിയ വസന്തം



അർച്ചന വി
9 ഇ





## വര:- ഐശ്വര്യ ദാസ് (9 സി)

# ഒരു ഗ്ലാസ് പാലിന്റെ വില

ഇതൊരു സംഭവകഥയാണ്; മുമ്പെവിടെയോ വായിച്ച ഓർമയിൽ നിന്ന്. ഹൊവാർഡ് കെല്ലി എന്നു പേരുള്ള ആ കുട്ടി അന്നും കച്ചവടത്തിനിറങ്ങി. സാധാനസാമഗ്രികൾ ഒരു കൊട്ടയിലാക്കി തലയിൽ ചുമന്ന് വീടുവീടാന്തരം നടന്നിട്ടാണവന്റെ കച്ചവടം. അവനൊരു സ്കൂൾ വിദ്യാർത്ഥിയാണ്. വീട്ടിലെ കഷ്ടപ്പാടുകളാണവനെ കച്ചവടത്തിനായിറക്കിയത്. എന്തെങ്കിലും ഭക്ഷണം കഴിക്കണമെങ്കിൽ ഈ കച്ചവടത്തിൽ നിന്നു കിട്ടുന്ന ലാഭം കൊണ്ടു വേണം അതു വാങ്ങാൻ. മെലിഞ്ഞൊട്ടിയ ശരീരം! വിശപ്പ് കാരണം വിറച്ചു കൊണ്ടാണവന്റെ നടപ്പ്. തലയിലാവട്ടെ ചുമക്കാവുന്നതിലപ്പുറം ഭാരമുണ്ട്. സ്കൂൾ വിട്ടിറങ്ങിയിട്ടാണവൻ എല്ലാദിവസവും കച്ചവടത്തിനിറങ്ങാറ്. ഇതാണു എന്നത്തേയും പതിവ്. സ്കൂൾ വിട്ടാൽ രാത്രി വരെ കച്ചവടം. ചില്ലിക്കാശുകളെ ലാഭമുണ്ടാവൂ. എന്നാലും മറ്റൊരു വഴിയില്ലല്ലോ വിശപ്പടക്കാൻ.

നടന്നു നടന്നവൻ ഒരു ദിവസം വഴിയിൽ തളർന്നു വീണു. എങ്ങനെയൊക്കെയോ എഴുന്നേറ്റ് അവൻ അടുത്തുകണ്ട വീട്ടിലേക്കു കയറിച്ചെന്നു വാതിലിൽ മുട്ടി. ഒരു സ്ത്രീയാണു വാതിൽ തുറന്നത്. " എന്തു വേണം?" അവർ ചോദിച്ചു. ഹൊവാർഡ് ഒന്നു പരുങ്ങി. ആരോടും ഒന്നും ചോദിച്ചു വാങ്ങാറില്ല അവൻ. തന്റെ കഷ്ടപ്പാടുകൾ ആരേയും അറിയിക്കുന്നത് അവന് ഇഷ്ടവുമല്ല. എങ്ങനെയാണ് ഇവരോട് തനിക്ക് വിശക്കുന്നുവെന്നും എന്തെങ്കിലും തരണ

മെന്നും പറയുക. അതു നാണക്കേടല്ലെ! അവൻ മെല്ലെ പറഞ്ഞു:" കുടിക്കുവാൻ ഇത്തിരി വെള്ളം കിട്ടിയാൽ കൊള്ളാം." അവന്റെ തളർന്ന ശബ്ദവും ദയനീയമായ സ്വരവും ആ സ്ത്രീയുടെ മനസ്സലിയിച്ചു. അവന്റെ വിശപ്പും ക്ഷീണവും അവർക്കു മനസ്സിലായി. അവർ ഉടനെ അകത്തുചെന്ന് വലിയൊറു ഗ്ലാസ് നിറയെ പാലുമായി വന്നു. അത് അവനു കൊടുത്തുകൊണ്ട് അവർ സ്നേഹത്തോടെ പറഞ്ഞു: "കുടിച്ചോളൂ മോനെ". അവനതു വാങ്ങി ആർത്തിയോടെ വലിച്ചു കുടിച്ചു. ആശ്വാസത്തോടെ ഒരു നെടുവീർപ്പിട്ടു. നന്ദിയാൽ വിടർന്ന കണ്ണുകളോടെ ആ സ്ത്രീയോടവൻ ചോദിച്ചു: "ഞാനെന്താണു ഇതിനു പകരം തരേണ്ടത് അമ്മേ?"

അതുകേട്ടപ്പോൾ അവരുടെ മനസ്സിൽ വാത്സല്യമുണർന്നു. അന്റെ തലമുടിയിൽ തലോടിക്കൊണ്ട് അവർ പറഞ്ഞു: "മോനെ, നീയെന്തെങ്കിലും പകരം തരണമെന്ന് മോഹിച്ചല്ല ഞാൻ പാൽ തന്നത്. ഞാനെന്റെ കടമ നിറവേറ്റുകയാണ് ചെയ്തത്. വിശക്കുന്നവരുടെ വിശപ്പകറ്റുവാനും, ദാഹിക്കുന്നവരുടെ ദാഹമകറ്റുവാനുമുള്ള ബാധ്യത ആഹാരവും വെള്ളവും കൈയ്യിലുള്ളവർക്കുണ്ടല്ലോ. "മോൻ പൊയ്ക്കോളൂ, എനിക്കൊന്നും തരണ്ട." അപ്പോൾ ഹെവാർഡ്ഡലൽപ്പം വിഷമത്തോടെ പറഞ്ഞു, പ്രതിഫലം കൊടുക്കാതെ ആരിൽ നിന്നും ഒന്നും സ്വീകരിക്കരുതെന്നാണ് അമ്മ എന്നോട് പറയാറുള്ളത്. ഇപ്പോൾ നിങ്ങൾക്കു തരാൻ എന്റെ കൈയിൽ ഒന്നുമില്ലല്ലോ. ഞാനിതൊരിക്കലും മറക്കില്ല. നിങ്ങളോടുള്ള സ്നേഹവും കടപ്പാടും എന്നും മനസ്സിൽ സൂക്ഷിക്കും." അവൻ വീണ്ടും വീണ്ടും നന്ദിപറഞ്ഞുകൊണ്ട് നടന്നു

പോയി. കാലമേറെ കടന്നുപോയി. ആ സ്ത്രീയിപ്പോൾ വൃദ്ധയാണ്. രോഗം ബാധിച്ച് അവശയായപ്പോൾ അവർ നഗരത്തിലെ ഒരാശുപ്രിയിൽ ചികിത്സ തേടി. ദിവസങ്ങളോളം അവർക്കവിടെ കഴിയേണ്ടി വന്നു. രോഗം ഭേദമായി ഡിസ്ചാർജ് ചെയ്തപ്പോൾ വലിയൊരു സംഖ്യയുടെ ബില്ലാണ് അവർക്കു കിട്ടിയത്. പണക്കാരിയൊന്നുമല്ലാത്ത അവർ വലിയ വിഷമത്തിലായി.

എവിടെ നിന്നൊക്കെയോ ശേഖരിച്ച കുറച്ചു കാശുമായി കൗണ്ടറിലെത്തി ബില്ല് കാണിച്ചപ്പോൾ അവിടെ പണം സ്വീകരിച്ചിരുന്ന ആൾ അവർക്കൊരു കുറിപ്പു കൊടുത്തു. പണം സ്വീക്കരിച്ചില്ല. ആ കുറപ്പിൽ ഇങ്ങനെ എഴുതിയിരുന്നു: ഒരു ഗ്ലാസ് പാൽ തന്നതിനു പകരമായി നിങ്ങളുടെ ചികിത്സ ചെലവ് പൂർണമായി ഞാൻ നൽകിയിരിക്കുന്നു. ഡോക്ടർ ഹൈവാർഡ് കെല്ലി. ആ കുറപ്പ് വായിച്ച അവർ ഏറെ നേരം തരിച്ചുനിന്നുപോയി.



ഷംസീറ എസ്
9 എഫ്

# നിലാവ്

നറു ചിരി വിതറാൻ
ചിരിയൊളി പകരാൻ
വിരുന്നെത്തിയിന്നും
വിണ്ണിൽ നിന്നീ വെണ്ണിലാവ്
ഇരവിനുള്ളിൽ
വഴിയേതെന്നറിയാതുഴലും
നേരത്തെൻ ചാരത്തണയും
സഖിയേ... സഖിയേ....
മണ്ണിന്നിരുളകലാൻ
കണ്ണിൽ കാഴ്ചകൾ തെളിയാൻ
കനവിൽ നിറയും നിനവിൽ
കുളിരും കൂട്ടായണയും
നിലാവഴകേ!
നിറനിലാ തളിരുമായെന്നുമെൻ
അരികിലണയുമോ സഖിയേ...



ശ്രീലക്ഷ്മി.എം
9 സി





# വര:- അസ്റ്റിയ എൻ (9 ബി)

# സ്പോർട്സും ആരോഗ്യവും

“ഓരോ വ്യക്തിക്കും ശരിയായ അളവിൽ മിതമായതെങ്കിലും പോഷകാഹാരവും വ്യായാമവും നൽകാൻ കഴിഞ്ഞാൽ നമുക്ക് ഏറ്റവും സുരക്ഷിതമായ ആരോഗ്യരീതി കണ്ടെത്താം.” ഹിപ്പോ ക്രാറ്റസ് [വൈദ്യശാസ്ത്രത്തിന്റെ പിതാവ്]

ആരോഗ്യവും സ്പോർട്സും തമ്മിൽ വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു. കായിക പ്രവർത്തനങ്ങളിൽ കൃത്യമായി ഏർപ്പെടുകവഴി ആരോഗ്യത്തിന്റെ വിവിധമേഘലകളെ കാര്യക്ഷമമായ രീതിയിൽ മെച്ചപ്പെടുത്താൻ സാധിക്കും. ശാരീരികവും മാനസികവും സാമൂഹികവുമായ ആരോഗ്യത്തിന്റെ പൂർണതയിലേക്ക് എത്താൻ ഇങ്ങനെ സാധിക്കുന്നു.

അതുപോലെ നമ്മൾ വിവിധ കായിക പ്രവർത്തനങ്ങളിലും കളികളിലും ഏർപ്പെടുന്നതു വഴി ശാരീരികമായ വിവിധ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. കാര്യക്ഷമമായ രീതിയിലുള്ള കായിക പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെട്ട ശാരീരികാരോഗ്യം കൈവരിക്കാൻ നമുക്ക് കഴിയുന്നു.

ചിട്ടയായ ജീവിതചര്യ, ആവശ്യത്തിന് വ്യായാമം, മെച്ചപ്പെട്ട ശരീരസംസ്ഥിതി, ചിട്ടയായ ഭക്ഷണക്രമം, പരിസര വ്യക്തി ശുചിത്വം, മതിയായ വിശ്രമം എന്നിവയിലൂടെ ശാരീരികാരോഗ്യം നിലനിർത്താൻ സാധിക്കുന്നു. അതോടൊപ്പം വിവിധ കളികളിലും കായികപ്രവർത്തനങ്ങളിലും ഏർപ്പെടുക വഴി ശാരീരികാരോഗ്യത്തോടൊപ്പം മാനസികാരോഗ്യവും വർധിക്കുന്നു. കായിക പ്രവർത്തനങ്ങളിലൂടെ ഓക്സിജൻ കൂടുതലായി ശരീരത്തിന്റെ മുഴുവൻ ഭാഗങ്ങളിലും എത്തുന്നു.

തലച്ചോറിൽ ഓക്സിജന്റെ സാന്നിധ്യം കൂടുതലായി എത്തുമ്പോൾ മാനസിക ഉണർവും അവബോധവും ഉടലെടുക്കുന്നു. കൂടാതെ ഓർമ്മശക്തിയും ശ്രദ്ധാ കേന്ദ്രീകരിക്കാനുള്ള കഴിവും വർധിക്കുന്നു.

അതുകൊണ്ട് ശരീര ഏകോപനവും ഏകാഗ്രതയും ഉണ്ടാവാനും, കൃത്യമായ മാനസികാരോഗ്യം ഉടലെടുക്കാനും ചിട്ടയായ കായിക പ്രവർത്തനങ്ങളിലൂടെ നമുക്ക് സാധിക്കുന്നു.



ഡയാന ടി ഇമ്മാനുവൽ
എച്ച് എസ് ടി
ഫിസിക്കൽ എഡ്യുക്കേഷൻ

പാഥാരം

# ഗൈഡ്സ്

**നൂതന സാമൂഹികസേവന വഴികൾ പൊതു ജനങ്ങളിലേക്കെത്തിക്കാൻ ഊർജസ്വലരായി പ്രവർത്തിക്കുന്ന ഗൈഡ്സ് ഈ വിദ്യാലയത്തിൽ നിസ്വാർത്ഥ സേവനം കാഴ്ചവയ്ക്കുന്നു.**





# എൻ.എസ്.എസ്

## രാഷ്ട്ര പുനർനിർമ്മാണത്തിന് തങ്ങളാലാവും വിധം മികച്ച സേവനം കാഴ്ചവയ്ക്കുന്ന NSS ടീം ഈ സ്കൂളിന്റെ അഭിമാനമാണ്.






# സ്ത്രീ

കാലത്തിന്റെ തീച്ചൂളയിൽ...

ഉരുകുമീ ജീവിതങ്ങൾ

എന്തിനോ ഏതിനോവേണ്ടി

ഒരു ജിവിതം...

നിശബ്ദങ്ങളായി നിൽക്കുമീ...

സ്ത്രീ... എന്നൊരു ശിൽപ്പമോ...

അതോ... ശിൽപ്പിതൻ സ്വപ്നമോ...

കാലം... മാറ്റി... മാറി.. ജീവിതം..

അടിത്തട്ടിൽ ഒതുങ്ങി... സ്ത്രീ

ശബ്ദങ്ങൾ...

പിൻനിരയിൽ ഒതുങ്ങി...

ഒതുക്കി തീർത്തു... മാനവർ...!



ദീപ്ത്തി പി.നായർ
9 ഇ

# വീണ്ടുമൊരു പരീക്ഷാക്കാലം വരവായ് ....

"സ്നേഹമുള്ളിടത്ത് വിരഹമുണ്ട്. വിരഹമുള്ളിടത്ത് വേദനയുണ്ട്. ഐ മിസ് യു ഡാ..." "ഒരിക്കൽ കാറ്റ് എന്നോട് ചോദിച്ചു. ഞാനാരേയാണ് ഏറ്റവും സ്നേഹിക്കുന്നതെന്ന്! ഞാൻ നിന്റെ പേരു മന്ത്രിച്ചു... ഓരോ തവണയും ഇളംതെന്നൽ നിന്നെ തഴുകുമ്പോൾ ഓർക്കുക, അതു ഞാനാണ്...ഐ മിസ് യു ഡാ...!

ഇത് അധ്യയനവർഷത്തിന്റെ അവസാന മാസങ്ങൾ... വിരഹത്തിന്റെ ഗദ്ഗദങ്ങൾ വീണലിയുന്ന മാസം! വാർഷിക പരീക്ഷയോടെ സ്ക്കുളിൽ നിന്നു യാത്രയാകുന്ന വിദ്യാർത്ഥികളുടെ ഹൃദയാകാശങ്ങളിൽ വിരഹതാപങ്ങുടെ നീരാവിഘനീഭവിച്ച് വിലാപമേഘങ്ങൾ നിറയുന്ന മീനമാസം.....!

കോവിഡ്–19 പേടിപ്പിച്ച് അകത്തിരുത്തിയെങ്കിലും വാക്സിൻ നൽകി അതിജീവനത്തിന്റെ പുതുവഴികളിലാണ് നാമിപ്പോൾ. ഓൺലൈൻ ക്ലാസ്സിൽ നിന്ന് ഓഫ്‌ലൈൻ ക്ലാസ്സിലേക്ക് എത്തുമ്പോൾ അധ്യയനവർഷം അവസാനിക്കാൻ ഇനി ഒന്നര മാസം മാത്രം! ഒരു ദിനം ക്ലാസ്സിലേക്ക് കടന്നുചെന്നപ്പോൾ ടീച്ചർ ക്ലാസ്സിലെത്തിയതുപോലുമറിയാതെ ധൃതിയിൽ ഓട്ടോഗ്രാഫെഴുതി അടുത്തയാൾക്ക് കൈമാറുകയാണ് ഒരു വിദ്യാർത്ഥിനി. ചിത്രത്താളോടുകൂടിയ ആ ഡയറി ഞാൻ വാങ്ങി മറിച്ചു നോക്കി. പ്രണയ ലീലകളിൽ മതി മറന്നു നിൽക്കുന്ന സിനിമാതാരങ്ങളുടെ ജീവൻ തുടിക്കുന്ന ചിത്രങ്ങൾ പതിച്ച വർണ്ണത്താളുകൾ. ഓരോ പേജിലും 'മിസ് യു ഡാ... മിസ് യു ഡാ...' എന്ന നിലവിളികൾ.


പരീക്ഷകളിങ്ങെത്തിക്കഴിഞ്ഞു. ഒരായുസിന്റെ അധ്വാനം ഫലം ചൂടാൻ പോവുകയാണ്. പത്തിലും പന്ത്രണ്ടിലുമുള്ള പല കൂട്ടുകാരും പക്ഷേ, പഠനത്തിരക്കിലല്ല. വേർപാടിന്റെ വേദന അക്ഷരങ്ങളിലേക്കാവാഹിച്ച പ്രിയ സൗഹൃദങ്ങളെ സ്നേഹാക്ഷരങ്ങളായി വർണാക്കടലാസിലൊട്ടിച്ച്, വീണ്ടും വീണ്ടും വായിച്ച് ഓരോവാക്കും മനഃപാഠമാക്കുകയാണ പല കുട്ടികളും പലരുടെയും ഫോട്ടോപതിപ്പിച്ച പൂർണ്ണ വിലാസവും ഫോൺനമ്പറുമെല്ലാമുള്ള ഓട്ടോഗ്രാഫുകൾ, മറ്റുപല കൂട്ടുകാരുടെയും വീടുകളിൽക്കൂടി കറങ്ങി നടക്കുകയാണ്. ഒരു പരിചയവുമില്ലാത്ത ആ അങ്കിളിനെക്കൊണ്ടും ഈ ആന്റിയെക്കൊണ്ടും എഴുതിക്കാൻ.... ഈ അപരിചിതർ നൽകുന്ന 'സമ്മാനങ്ങൾ' കിട്ടാൻ അല്പം കാത്തിരിക്കണമെന്നു മാത്രം.

കുട്ടികളെ, എന്തിനാണ് ഒന്നാം സ്ഥാനം? കൗമാര സൗ–ഹൃദങ്ങൾക്കോ, അതോ ജീവിതത്തിന്റെ ഉന്നത സ്വപ്നങ്ങൾക്കോ? ഓട്ടോഗ്രാഫിന്റെ റിയലിസം പ്രായോഗിക ജീവിതവുമായി ബന്ധമുള്ളതല്ല എന്ന കുട്ടികൾ മനസിലാക്കണം. ഓർമ്മകൾ സൂക്ഷിക്കാൻ ഓട്ടോഗ്രാഫ് നല്ലതാണ്. എന്നാൽ പരീക്ഷയുടെ മാർക്ക് ലിസ്റ്റല്ലേ ഏറ്റവും നല്ല ഓട്ടോഗ്രാഫാകേണ്ടത്? നൈമിഷികമായ സൗഹൃദങ്ങളുടെ കുമിളക്കാഴ്ചകളിൽ നമ്മൾ സമയം നഷ്ടമാക്കരുത്. നമുക്കൊന്നാലോചിക്കാം. കഠിന പരിശ്രമത്തിന്റെ താളുകൾ തുന്നിച്ചേർത്ത് ജീവിതം മെനയുന്ന വിജയ ചരിത്രങ്ങളുടെ ഓട്ടോഗ്രാഫിൽ' അവസരങ്ങൾ ഒന്നും മിസ് ചെയ്യാത്തയാൾ' എന്നു നിന്നെക്കുറിച്ച കാലം കുറിച്ചുവയ്ക്കുമോ? ഉറച്ച ലക്ഷ്യബോധത്തോടെ ജീവിതത്തെ നേരിടാനുള്ള പക്വത നേടിക്കഴിഞ്ഞ ഒരു വിദ്യാത്ഥിയാണ് ഞാൻ എന്ന് എന്റെ അധ്യാപകരേയും, മാതാപിതാക്കളെയും, സഹപാഠികളെയും എന്നെത്തന്നെയും

ഓർമ്മിപ്പിക്കേണ്ട ഒരു സമയമാണിത്. ആ ലക്ഷ്യം നേടാനായി പ്രായത്തിന്റെയും ചപല മോഹങ്ങളുടെയും സർവ്വവിധ തടസങ്ങളും തകർത്തെറിഞ്ഞ് വിജയപാതയിൽ സ്വയം വിഘ്നേശ്വരനായി[4] വിജയത്തിന്റെ വെന്നിക്കൊടി പാറിക്കാം...!



സി.ആർഷ
എച്ച് എസ് ടി മലയാളം



4 വിഘ്നേശ്വരൻ – തടസ്സങ്ങൾ നീക്കുന്നവൻ, ഗണപതി





# വര:- രഹ്ന ബി (9 ഡി)

# അക്ഷര ലോകം

കുഞ്ഞുനാളിൽ അറിവിൻ ഉറവിടം തേടി
അലഞ്ഞുതിരിഞ്ഞ നാളുകൾ
അക്ഷരജ്യോതിസ് പ്രഭ തൂകി
നിൽക്കുമീ കലാലയ തിരുനടയിൽ
ഒരു നാൾ അന്നൊരു നാൾ
പുലരിയിൽ പൂത്തൊരാ ചെമ്പക-
വാടിയിൽ പുസ്തക്കുടയും
ചോറും കുടയുമായ് ഏറെ
കുതൂഹലം മിഴിയിൽ പടർത്തി
ഈ വിദ്യാകവാടത്തിൽ ഞാനണഞ്ഞു
അറിവിൻ പാലാഴിയിൽ മുങ്ങിത്തപ്പി
അക്ഷരമുത്തുകൾ വാരിയെടുത്തു.....!



അജന എ
8 ഡി

# പ്രസംഗവും പ്രവൃത്തിയും

കാട്ടിൽ ഒരു പൊതുസമ്മേളനം നടന്നു. പലരും പ്രസംഗിച്ചു. പ്രസംഗകരിൽ ഒരാളായിരുന്ന സിംഹം അവേശത്തോടെ ഇങ്ങനെ പറഞ്ഞു. 'അതിക്രമങ്ങളുടെ വിളനിലമാണ് ഈ കാട്. കിട്ടിയവർക്ക് കിട്ടി. ഇല്ലാത്തവർക്കില്ല എന്നാണ് അവസ്ഥ. ഇക്കണക്കിനു പോയാൽ നാം എവിടെ ചെന്നെത്തുമെന്ന് അറിയില്ല. എല്ലാവർക്കും ന്യായമായ വിഹിതം അനുഭവിക്കാൻ അവസരമുണ്ടാകണം.' 'കൊള്ളാം പ്രസംഗം പൊടിപൊടിപ്പനായിട്ടുണ്ട്!' ഒരു മുയൽ കൈയ്യടിച്ചു പറഞ്ഞു. സമ്മേളനം അവസാനിച്ചു. ഗുഹയിലേക്ക് നടന്ന സിംഹത്തിനു വിശന്നു. വിശപ്പടക്കാൻ എന്താണൊരു വഴി എന്നാലോചിച്ചുകൊണ്ടിരിക്കേ സ-മ്മേളന വേദിയിലുണ്ടായിരുന്ന മുയൽ ചെവിയുയർത്തി തുള്ളിച്ചാടി വരുന്നു. മുയലിറച്ചിയുടെ രുചിയാലോചിച്ച സിംഹത്തിന് വായിൽ വെള്ളമൂറി. പിന്നൊന്നും ആലോചിച്ചില്ല. ഒറ്റച്ചാട്ടം, സിംഹത്തിന്റെ നഖങ്ങൾക്കിടയിൽ മുയൽ പിടഞ്ഞു. സിംഹം മുയലിറച്ചി ആസ്വദിച്ച് കഴിച്ച് ഗുഹയിലേക്ക്.....



സയന ദാസ് എസ്
9 ഡി

# ഒരു കൊറോണകാലത്തിന്റ ഓർമയ്ക്കായ്

ജീവിതയാത്രയിൽ ഓർമയിലെന്നും
മായാതെ നിൽക്കുന്ന കോവിഡ് മഹാമാരി
നന്മതൻ ശ്രേഷ്ഠമാം പാഠം പഠിപ്പിച്ച-
ഭൂമിയെ മുഴുവൻ കൈക്കുമ്പിളിലാക്കിയ
ജീവിതമല്ല ജീവൻ വലുതെന്ന് പാഠം പഠിപ്പിച്ച-
കോവിഡ് വൈറസിൻ ലീലാവിലാസങ്ങൾ
അനന്തമാം ഭൂമിയിൽ അന്തകനായ് വന്ന-
നിനക്കന്ത്യമെന്നൊന്നില്ലേ മഹാ വിപത്തേ
മനുഷ്യനും ശാസ്ത്രവും തോറ്റുപോയി
സൃഷ്ടാവു പോലും പകച്ചുപോയി
മറക്കില്ല ഞങ്ങൾ മലയാളികൾ
മറക്കാനാവാത നിൻചെയ്തികൾ
കൊറോണക്കാലമേ........



ശ്രീലക്ഷ്മി.കെ
9 ഇ

# കാനനരോദനം

ഹൃദയത്തിനുള്ളിലായ് നീറിയതിന്നിതാ–
മേലെ തുടിക്കുന്നു പാരിലെങ്ങും.
കേൾക്കുവിൻ നിങ്ങളീ രോദനം നാമെല്ലാ–
മൊരുഭൂമി തന്നുടെ മക്കളല്ലെ...
പ്രാണനുവേണ്ടി പിടയുന്ന ജീവിതൻ
ജീവിതമെല്ലാം തകർത്തു നിങ്ങൾ
കത്തിജ്വലിക്കുന്ന അഗ്നിതൻ ശാഖകൾ–
ചുട്ടുചാമ്പലാക്കി ഇന്നിവിടം.
പാടില്ല പാടില്ല ഇവിടെയൊരക്രമം–
പാരിലിനിയിതു വന്നുകൂടാ...
ഒന്നോർക്കൂ... പ്രകൃതിയില്ലെങ്കിൽ–
ഈ ജീവിതം പോലും നിശ്ചലമാം.
കേൾക്കുവിൻ നിങ്ങളീ രോദനം നാമെല്ലാ–
മൊരമ്മ തന്നുടെ മക്കളല്ലെ
നാം ഈ ഭൂമി തന്നുടെ മക്കളല്ലെ...!




അനക സി
9 ബി






## വര:- ബ്ലെസ്സി അബ്രാഹം (8 ഡി)






# വര:- ശ്രീലക്ഷ്മി കെ (9 ഇ)

# നാട്ടു മാഹാത്മ്യം

കേരളത്തിന്റെ നെല്ലറ – കുട്ടനാട്

തേക്കടിയുടെ കവാടം – കുമളി

പാവങ്ങളുടെ ഊട്ടി – നെല്ലിയാമ്പതി

കേരളത്തിന്റെ ദക്ഷിണകാശി – തിരുനെല്ലി

കിഴക്കിന്റെ വെനീസ് – ആലപ്പുഴ

അറബിക്കടലിന്റെ റാണി – കൊച്ചി

കേരളത്തിന്റെ കാശ്മീർ – മൂന്നാർ

അക്ഷര നഗരം – കോട്ടയം

ചെറിയ മക്ക – പൊന്നാനി

ചന്ദനക്കാടിന്റ നാട് – മറയൂർ

കേരളത്തിന്റ ചിറാപുഞ്ചി – ലക്കിടി

കേരളത്തിലെ സ്വിറ്റ്സർലന്റ് – വാഗമൺ

കരിമ്പനയുടെ നാട് – പാലക്കാട്

കൂടുതൽ കടൽതീരമുള്ള നാട് –കണ്ണൂർ

എൻഡോസൾഫാൻ – കാസർഗോഡ്



നിവേദ്യ എസ്
9 ബി

# അതിജീവനം

'സ്വാതന്ത്ര്യം തന്നെയമൃതം
പാരതന്ത്ര്യം മാനികൾക്ക മൃതിയേക്കാൾ ഭയാനകം'

കൊറോണ തളർത്തിയ രണ്ടു വർഷക്കാലം കടന്നു പോയപ്പോൾ സ്വാതന്ത്ര്യത്തിന്റ വിലയെന്തെന്ന് നാമറിഞ്ഞു. ഓരോജീവിതങ്ങളും വീടിന്റെ നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടി. കൂടിച്ചേരലുകൾ, പങ്കുവയ്ക്കലുകൾ, ആഘോഷങ്ങൾ ഇങ്ങനെ നഷ്ടങ്ങളുടെ കണക്കുകൾ ഏറെ. അതിനപ്പുറം ബന്ധുമിത്രാദികൾ മരണത്തിന് കീഴടങ്ങുന്നത് വേദനയോടെ നോക്കിനിൽക്കേണ്ടിവന്ന നിസഹായതയുടെ ദിനങ്ങൾ.... അവസാനയാത്രയിൽ പ്രിയപ്പെട്ടവർ നൽകുന്ന അന്ത്യചുംബനം പോലും നിഷേധിക്കപ്പെട്ട വിധിയുടെ വിളയാട്ടം. മാഞ്ഞു പോകട്ടെ കാലത്തിന്റെ ആ ഇരുണ്ട നാളുകൾ. മറക്കാം നമുക്കെല്ലാം.

ഈ അതിജീവന കാലത്ത് നമുക്ക് കാവലായി, കരുതലായി നിന്ന ആരോഗ്യപ്രവർത്തകർ, പോലീസുകാർ, രാഷ്ട്രീയക്കാർ എന്നിവരുടെ നിസ്വാർത്ഥ സേവനം എടുത്തു പറയേണ്ടതാണ്. സ്വന്തം ജീവിതം പോലും തൃണവത്കരിച്ചു[5]കൊണ്ട് നമുക്ക് വേണ്ടി പടവെട്ടിയ അവർക്കു മുന്നിൽ കൈകൂപ്പാം. രോഗമുണ്ടെന്ന് സംശയിക്കുന്നവരോടും രോഗികളോടും നിർബ്ബന്ധപൂർവ്വം വീട്ടിലിരിക്കാൻ ആവശ്യപ്പെടണം. വീട്ടിനകത്തിരിക്കുക എന്നത് അസ്വസ്ഥത തന്നെയാണ്. പക്ഷേ നാം രോഗ

5 തൃണവത്കരിക്കുക – നിസ്സാരമായി തള്ളിക്കളയുക

വാഹകരാകരുത്. അതിനാൽ 'ഭയമല്ല ജാഗ്രത[6]യാണ്' വേണ്ട തെന്നുള്ള മുന്നറിയിപ്പ് ഈ കോവിഡ് കാലത്ത് നമുക്ക് മുറു കെ പിടിക്കാം. ഈ കാലവും കടന്നുപോകുമെന്നുള്ള ശുഭാപ്തി വിശ്വാസത്തോടെ ഒരു പുത്തൻ പുലരിക്കായി നമുക്ക് കാത്തി രിക്കാം...!



ജിഷ പോൾ
എച്ച് എസ് ടി മലയാളം

6 ജാഗ്രത – കരുതൽ

# വിദ്യാർത്ഥികളും അച്ചടക്കവും

ഇന്നത്തെ വിദ്യാഭ്യാസരംഗത്ത് ആവശ്യമായ ഒരു കാര്യമാണ് അച്ചടക്കം. നമ്മുടെ വിദ്യാർത്ഥികളിൽ അച്ചടക്കത്തിന്റെ അഭാവം മൂലം അക്രമവാസനകളും ലക്ഷ്യബോധമില്ലാതെയുള്ള ജീവിതരീതികളും മൂല്യശോഷവും ഉണ്ടായികൊണ്ടിരിക്കുന്നു. അച്ചടക്കം അല്ലെങ്കിൽ 'ഡിസിപ്ലിൻ' എന്നതിന്റെ ശരിയായ അർഥം ഉൾക്കൊള്ളാൻ കഴിയാത്തതിനാലാണ് ഇങ്ങനെയുള്ള ദൃഷ്യങ്ങൾ നമ്മുടെ വിദ്യാർത്ഥിലോകത്തെ വിഴുങ്ങി കളഞ്ഞിരിക്കുന്നത്.

അച്ചടക്കം എന്നു പറഞ്ഞാൽ പൂർണ്ണനിശബ്ദതയെന്നോ ശ്വാസം വിടാതെ ഒരേ ഇരിപ്പിൽ ഇരിക്കയെന്നോ ഒക്കെ തെറ്റിദ്ധാരിക്കപ്പെട്ടിരിക്കുകയാണ്. മുതിർന്നവർക്കുപോലും അതിന്റെ ശരിയായ അർത്ഥം ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ലെന്നതാണ് ഒരു ദുഃഖസത്യം. 'ഏകാഗ്രത ഡിസിപ്ലിന്റെ ആണിക്കല്ലും മുല്ലക്കല്ലുമാണ്' എന്ന് ഏത് വിദ്യാഭ്യാസ വിചക്ഷണനും സമ്മതിക്കുന്നുണ്ട്. ഏകാഗ്രതയില്ലെങ്കിൽ ഒന്നും നടക്കുകയില്ല. ഒന്നും മനസ്സിലാവുകയും ഇല്ല. മനസ്സിന്റെ അടക്കം അപ്പോൾ ഡിസിപ്ലിന്റെ ഒരു പ്രധാന ഭാഗമാണെന്നു വരുന്നു. പണ്ടത്തെ ഗുരുകുലങ്ങിൽ ഈ അംശത്തിന് വളരെയേറെ പ്രാധാന്യം കൊടുത്തിരുന്നു. വാമൊഴിക്കൊണ്ടുള്ള വിദ്യാഭ്യാസമാണല്ലോ അന്നു നടന്നിരുന്നത്. ഏകാഗ്രതയോടൊപ്പം

മറ്റു പല ഗുണങ്ങളും അച്ചടക്കത്തിന്റെ ഭാഗമായി വരുന്നുണ്ട്. വിനയം, ഭൂതദയ, സത്യസന്ധത, നീതിബോധം എന്നിവ യെല്ലാം ഡിസിപ്ലിന്റെ ഭാഗങ്ങളാണ്. ഗുരുജനങ്ങളേയും മാതാപിതാക്കളേയും തന്നേക്കാൾ പ്രായമേറിയവരേയും വിദ്യാർത്ഥികൾ ആദരവോടെ കാണുകയും അവരുടെ വാക്കുകൾ അനുസരിക്കുകയും വേണം. അത് ശ്രമകരമായ ഒരു മാനസ്സിക പ്രവർത്തനത്തിലൂടെ മാത്രം കൈവരിക്കാവുന്ന ഗുണമാണ്. "ത്യാഗമെന്നതെ നേട്ടം താഴ്മതാനഭ്യുന്നതി" എന്നു വള്ളത്തോൾ 'എന്റെ ഗുരുനാഥൻ' എന്ന കവിതയിൽ ഗാന്ധിജിയുടെ ഗുണ ഗണങ്ങൾ വർണ്ണിക്കുന്നുണ്ട്. അത് ഗാന്ധിജിയിലെ അച്ചടക്കത്തിന്റെ മഹത്വത്തെയാണ് എടുത്തുകാണിക്കുന്നത്.

സഹജീവികളോടു കരുണ കാട്ടുന്നതും അവരെ സ ഹായിക്കുന്നതും ഡിസിപ്ലിന്റെ ഭാഗമാണ്. സ്കൂളുകളിൽ റെ-ഡ് ക്രോസ് തുടങ്ങിയ സംഘടനകൾ പ്രവർത്തിക്കുന്നത് പ്ര-സ്തുത ലക്ഷ്യം മുൻനിർത്തി മുൻനിർത്തിയാണ്. എൻ.സി. സി, സ്കൗട്ട് തുടങ്ങിയവ രാജ്യസ്നേഹം, കാര്യക്ഷമത എന്നീ ഗു ണങ്ങൾ വിദ്യാർത്ഥികളിൽ വളർത്തുവാനുള്ള ലക്ഷ്യത്തോ-ടെയാണ് സ്കൂളുകളിൽ രൂപീകരിച്ചിരുന്നത്. 'ആദ്യം ആജ്ഞ നിസരിക്കുക' എന്ന സൈനിക നിയമം തന്നെ അച്ചടക്കത്തി ന്റെ പ്രാധാന്യത്തെ കാണിക്കുന്നു.

വിദ്യാർത്ഥികളിൽ നീതിബോധം, സത്യം, ദയ ആദിയായവയൊക്കെ വളർന്നുവരുന്നതും അച്ചടക്കത്തിന്റെ ഭാഗമാണ്. 'ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക' എന്നതാകണം വിദ്യാർത്ഥികളുടെ ആപ്തവാക്യം. ഈ നിലയിൽ വളർന്നുവന്നാൽ മാത്രമേ വിദ്യാർത്ഥികൾ ഉത്തമ പൗരൻമാരാവുകയുള്ളൂ. അങ്ങനെ ഒരു ക്ഷേമരാഷ്ട്രം പടുത്തുയർത്തുവാനും അവർക്കു കഴിയും.



ആൻ ഏലിയാസ്
9 സി

# നഷ്ടം

പ്രളയമേ നീ എന്തിനുവന്നു
പ്രകൃതിദുരന്തം എന്തിനുതന്നു
ആയിരങ്ങളുടെ ജീവൻ പിഴിതെറിഞ്ഞാ–
യിരങ്ങളുടെ വീടും കുടിയും തകർത്തുനീ
മണ്ണുംമരവുംമനുഷ്യമൃഗാദിയും
തകിടംമറിഞ്ഞൊരു ദുരന്തപർവ്വം
മണ്ണും കല്ലും ഇളക്കിമറിച്ച്
ഒഴുകി ഒലിച്ചു വന്നതീ ദുരന്തം
നീ തന്നതായിരം നഷ്ടം മാത്രം!
സ്വപ്നങ്ങൾ നെയ്തുഞാനു–
ണ്ടാക്കിയോരെൻ ഭവനവും
വെള്ളത്തിൽ തുർന്നുപോയി
സകലവും വെള്ളത്തിലാഴ്ന്നുപോയി



ശില്പ വിനയകുമാർ
9 എ

# കുട്ടികളിലെ ഡിപ്രഷൻ

ഡിപ്രഷൻ എന്നത് അടുത്ത കാലം വരെ മുതിർന്ന ആളുകൾക്കിടയിൽ മാത്രമുണ്ടാകുന്ന ഒരു മാനസിക പ്രശ്നമായിരുന്നു. എന്നാൽ പഠനങ്ങൾ വ്യക്തമാക്കുന്നത് ഡിപ്രഷൻ എന്നത് മുതിർന്ന ആളുകളിൽ മാത്രമായി ഒതുങ്ങി നിൽക്കുന്ന ഒന്നല്ല എന്നാണ്. ഡിപ്രഷൻ അഥവാ വിഷാദം കുട്ടികളെയും പിടികൂടാം. രോഗലക്ഷണങ്ങൾ തിരിച്ചറിഞ്ഞ് നേരത്തെ കണ്ടെത്തി പരിഹാരം തേടിയില്ലെങ്കിൽ അവരുടെ പഠനത്തെ യും ഭാവിജീവിതത്തെയും പ്രതികൂലമായി ബാധിക്കും.

സ്ക്കൂളിൽ പോകുന്നതിനു മുമ്പുള്ള പ്രായത്തിൽ 0.3 ശതമാനവും സ്കൂളിൽ പോകുന്ന കുട്ടികളിൽ ഒരു ശതമാനവും വിഷാദരോഗം കണ്ടുവരുന്നുണ്ട്. പ്രായം കൂടുന്തോറും ഇത് വർധിക്കുന്നതായാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. കൗമാരത്തിൽ ഒരു ശതമാനം മുതൽ ആറു ശതമാനം വരെ വിഷാദം കണ്ടുവരുന്നു. കൗമാരക്കാരായ പെൺകുട്ടികളിൽ ആൺകുട്ടികളെ അപേക്ഷിച്ച് രോഗം വരാനുള്ള സാധ്യത രണ്ടിരട്ടിയാ- ണ്.

കുടുംബത്തിലെ അസ്വാരസ്യങ്ങൾ, ജന്മനായുള്ള പ്രശ്നങ്ങൾ, മാതാപിതാക്കളിൽ നിന്നുള്ള മാനസിക സമ്മർദ്ദം തുടങ്ങിയവയെല്ലാം തന്നെ കുട്ടികളിലെ ഡിപ്രഷനുള്ള കാരണ

മാണ്. ഇവയ്ക്ക് പുറമെ ജീവിത രീതിയിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ, തലച്ചോറിലെ സെറ ടോണിൻ തുടങ്ങിയ രാസവസ്തുക്കളുടെ അളവ് കൂടുന്നതോ കുറയുന്നതോ, തൈറോയിഡ് ഗ്രന്ഥിയിലെ പ്രശ്നങ്ങൾ, പാരമ്പര്യമായി വിഷാദരോഗമുള്ള കുടുംബം തുടങ്ങിയ പശ്ചാത്തലങ്ങൾ എല്ലാം തന്നെ ഒരു കുട്ടിയുടെ മാനസികാവസ്ഥയെ പ്രതികൂലമായി ബാധിക്കും.

## *കുട്ടികളിലെ ഡിപ്രഷൻ എങ്ങനെ കണ്ടെത്താം*

ഒരു വയസ്സ് മുതൽ പതിനാറ് വയസ്സ് വരെ പ്രായം വരുന്ന കുട്ടിക ളിലെ ഡിപ്രഷൻ വീട്ടുകാർ മുൻകൈ എടുത്ത് കണ്ടെത്തണം. അതിനായി ഡിപ്രഷന്റെ  ചില ലക്ഷണങ്ങളെ വിശകലനം ചെയ്യാം.

- മുൻപ് താൽപര്യവും സന്തോഷവും നൽകിയിരുന്ന കാര്യങ്ങളിൽ ഇപ്പോൾ സന്തോഷക്കുറവ് അനുഭവപ്പെടുക.
- മുറി അടച്ചിടുക, കരച്ചിൽ.
- വീട്ടിൽ വരുന്നവരെ കാണാൻ വിസമ്മതിക്കുക.
- ഉറക്കം കൂടുതലോ കുറവോ.
- അമിത വിശപ്പ് അല്ലെങ്കിൽ വിശപ്പില്ലായ്മ.
- കുറ്റപ്പെടുത്തുമ്പോൾ അമിത ദേഷ്യം.

കുട്ടികളിലെ ഡിപ്രഷൻ ബോധ്യപ്പെട്ടു കഴിഞ്ഞാൽ പിന്നെ ആവശ്യം ചികിത്സയാണ്. കുട്ടികളെയും മാതാപിതാക്കളെയും അധ്യാപകരേയും ഉൾപ്പെടുത്തി ഒരു

ബയോസൈക്കോ സോഷ്യൽ രീതിയാണ് ചികിത്സ യിൽ ഫലപ്രദം. എന്നാൽ ഇതിനേക്കാൾ എല്ലാം ഫലപ്രദമാണ് മാതാപിതാക്കൾ സ്നേഹം പങ്കുവയ്ക്കുന്നതും, അവരുടെ പ്രശ്നങ്ങൾ കേട്ട് അത് പരിഹരിക്കാൻ ശ്രദ്ധിക്കുന്നതും.



നന്ദ എസ്
9 ഡി

# സൗഹൃദം

സൗഹൃദ ചെപ്പു തുറക്കുമ്പോൾ
നീയെനിക്കു സമ്മാനിച്ച
ചെമ്പനീർ പൂവിൻ ഗന്ധമെന്നെ
സ്നേഹാർദ്രമായി തഴുകുന്നു.....
നശ്വരമാമീ മലരുണങ്ങാം
സുമഗന്ധവും മാറാം....
നിമിഷങ്ങളിൽ ഇതൾ
കൊഴിയുന്ന ജീവിതത്തിൽ
പവിത്രമാം ഹൃദയ ബന്ധത്താൽ
നമ്മളിൽ തളിർത്ത
വസന്താരാമത്തിൻ
വാസന പൂക്കൾ
അനശ്വരമെന്നറിയുക.....!



സഹാന
8 എ

# ഫോട്ടോഗ്രാഫി

ക്യാമറ ഉപയോഗിച്ച് പ്രകാശം പകർത്തുന്ന കലയാണ് ഫോട്ടോഗ്രാഫി. ഇന്ന് നമുക്കറിയാവുന്ന ഫോട്ടോഗ്രാഫി 1830–കളുടെ അവസാനത്തിൽ ഫ്രാൻസിൽ ആരംഭിച്ചു. എന്നാൽ, ലോകത്തിലെ ആദ്യത്തെ വിജയകരമായ ഫോട്ടോ എടുത്തത് 1826–ൽ ഫ്രഞ്ച് കണ്ടുപിടുത്തക്കാരനായ ജോസഫ് നൈസ്ഫോർ നീപ്സ് ആണ്. അതു പോലെ, ലോകത്തിലെ ആദ്യത്തെ ഫോട്ടോഗ്രാഫറായും ഫോട്ടോഗ്രഫിയുടെ യഥാർത്ഥ ഉപജ്ഞാതാവായും നീപ്സ് കണക്കാക്കപ്പെടുന്നു. ഡ്രോയിംഗ്, പെയിന്റിംഗ് എന്നിവയെക്കാളും ഒരു വ്യക്തിയുടെയോ ദൃശ്യത്തിന്റെയോ ഒരു നിമിഷത്തെയോ കൂടുതൽ കൃത്യമായി ചിത്രീകരിക്കാൻ ഒരു ഫോട്ടോയ്ക്ക് കഴിയും. പിന്നീട്, ഫോട്ടോഗ്രാഫി കൂടുതൽ വ്യാപകമായതോടെ അതൊരു കലാരൂപമായി മാറി. പക്ഷേ, അതിനെ ഒരു കലയായി കണക്കാക്കുന്നത്പോലെ, ഫോട്ടോഗ്രാഫിയെ ശാസ്ത്രമായും കണക്കാക്കുന്നു. കാരണം കലയെ സൃഷ്ടിക്കുന്ന ക്യാമറ ശാസ്ത്രീയ ധാരണകൾ പിടിച്ചടുക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

ഫോട്ടോഗ്രാഫുകൾ എല്ലാവരുടെയും ജീവിതത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു; കാരണം അവ നമ്മെ ഭൂതകാലവുമായി ബന്ധിപ്പിക്കുന്നു, നമ്മൾ ആരാണെന്ന് അറിയാൻ അവയ്ക്ക് നമ്മളെ സഹായിക്കാനാകും. ഒരു ഫോട്ടോയ്ക്ക് ചിലരെ പ്രചോദിപ്പിക്കാനും, ഒരാളുടെ വീക്ഷണങ്ങൾ മാറ്റാനും, ഒരാളുടെ ആദർശങ്ങളെ ഇളക്കിവിടാനും, വിദ്യാഭ്യാസം നൽകാനും,

മറ്റുള്ളവരെ പ്രവർത്തിക്കാൻ പ്രചോദിപ്പിക്കാനും കഴിയും. ഭയം, ഉത്കറു മുതലായ സ്വാഭാവിക ജീവിവർഗ്ഗങ്ങളുടെ ഉള്ളിലെ വികാരങ്ങൾ അവ വിളിച്ചോതുന്നു. ഫോട്ടോഗ്രാഫുകൾ വ്യക്തിജീവിതത്തെ മാത്രമല്ല പൊതുജനങ്ങളെയും ബാധിച്ചേക്കാം. ഫോട്ടോഗ്രാഫുകൾ ലോകത്തിന്റെയും സമൂഹത്തിന്റെയും യഥാർത്ഥ മുഖങ്ങൾ വെളിപ്പെടുത്തിതരുന്നു.



രഹന.ബി
9 ഡി

# ശീലങ്ങൾ- ലക്ഷ്യപ്രാപ്തിയുടെ പാലങ്ങൾ

ലക്ഷ്യമില്ലാഞ്ഞിട്ടല്ല പലരും ലക്ഷ്യത്തിലെത്താത്തത്. വഴിയറിയാതിരുന്നിട്ടല്ല പലരും പെരുവഴിയിലലയുന്നത്. ഓരോച്ചുവടും മുന്നോറുമ്പോൾ സ്വയം പ്രചോദിപ്പിക്കാൻ ജാഗ്രതയുള്ളവർ മാത്രമേ, അപ്രതീക്ഷിതമായ പ്രതിസന്ധികളെ അതിജീവിച്ച് ലക്ഷ്യം കൈവരിക്കുന്നുപ്പ . ഒരു വ്യക്തിയെ നയിക്കുന്നത് അയാളുടെ ശീലങ്ങളാണ്. ബാല്യത്തിൽ തന്നെ ഒരു വ്യക്തിയിൽ ശീലങ്ങൾ രൂപപ്പെടുന്നു. ഓരോ വ്യക്തിയേയും സ്വയം പണിതുയർത്തുന്നതിന്റെ അടിസ്ഥാനങ്ങൾ അയാളുടെ പരിതസ്ഥിതിയും പാരമ്പര്യവുമാണ്. പാരമ്പര്യത്തിന്റെ സ്വാധീനം ശീലങ്ങളുടെ രൂപീകരണത്തെ സ്വാധിനിക്കും. പൈതൃകമായി പകർന്നുകിട്ടുന്ന സ്വഭാവരീതികൾ നമ്മിൽ തെളിഞ്ഞുപ്രകടമാകാറുണ്ട്. അതുപോലെ ത-ന്നെ ഒരു വ്യക്തിയുടെ വ്യക്തിത്വത്തിന്റെ പരിസരങ്ങൾ അയാളുടെ ശീലങ്ങളുടെ വികാസത്തിൽ ശക്തമായ പങ്കുവഹിക്കുന്നു. നല്ല പശ്ചാത്തലത്തിൽ വളരുന്ന കുട്ടികളിൽ നല്ല ശീലങ്ങൾ രൂപപ്പെടുമ്പോൾ മോശം സാഹചര്യങ്ങളിൽ വളരുന്ന കുട്ടികൾ ചീത്തശീലങ്ങളുടെ അടിമകളായി മാറുന്നു. ആദ്യം നമ്മൾ ശീലങ്ങൾ ഉണ്ടാക്കുന്നു. പിന്നെ ശീലങ്ങൾ നമ്മെ രൂപപ്പെടുത്തുന്നു. പ്രചോദനം തു-ടക്കത്തിൽ ലഭിക്കുന്നതാണ്. എന്നാൽ ശീലങ്ങളാണ് നമ്മെ മുന്നോട്ടുനയിക്കുന്നത്. നല്ല ശീലങ്ങളുടെ ഉടമയാകണം എന്നെല്ലാവരും കൊതിക്കും. സ്വഭാവത്തിന്റെ പ്രതിഫലനം

കാണുമ്പോൾ സമൂഹം നമ്മുടെ ശീലങ്ങൾ എന്തെന്ന് ഗ്രഹിക്കും. നമുക്ക് എപ്പോഴും നല്ല ശീലങ്ങളുടെ ഉടമകളാകാൻ സാധിക്കണം. എങ്കിൽ മാത്രമേ ജീവിതം ചിട്ടയായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ. ചിലർ എപ്പോഴും സന്തോഷവും, പ്രസന്നതയും പ്രസരിപ്പിക്കുന്ന പെരുമാറ്റശീലം വളർത്തുന്നു. ചിലർ സംസാരിക്കുമ്പോൾ എളിമയുടെയും വിനയത്തിന്റെയും ഭാഷാശൈലി ഉപയോഗിക്കുന്നു. സ്വഭാവത്തിൽ എളിമയും വിനയവും ശീലിച്ചവരുടെ കൂടെ ആർക്കും ജോലിചെയ്യാം. അവർക്ക് മറ്റുള്ളവരുടെ ഉയർച്ചയും വളർച്ചയും സ്വന്തം വളർച്ചയ്ക്ക് തടസ്സമായി തോന്നുകയില്ല. എന്നാൽ സ്വഭാവത്തിൽ എളിമയില്ലാത്തവൻ സ്വയം പുകഴ്ത്താനും, മറ്റുള്ളവരെ താഴ്ത്താനുമുള്ള ചീത്ത ശീലത്തിന്റെ ഉടമകളാണ്. ഞാൻ എന്ന വാക്കുകൊണ്ടാണ് അവർ വാക്യ ങ്ങൾ ആരംഭിക്കുന്നത്. ഇക്കൂട്ടരുടെ കൂടെ ആർക്കും മനഃസമാധാനത്തോടെ ജോലിചെയ്യാനാവില്ല. ചിലരെ സമൂഹം ദേഷ്യക്കാരൻ, വഴക്കാളി, പൊങ്ങച്ചക്കാരൻ കുടിയൻ, തെരുവുഗുണ്ട തുടങ്ങിയ പേരുകൾ വിളിക്കുന്നതെന്തിനാണ്? അവർ അവരുടെ ശീലങ്ങളുടെ പ്രകടനം പെരുമാറ്റത്തിലൂടെ നടത്തുന്നതു കൊ ണ്ടാണ്. സ്ഥിരതയുള്ള ശീലമാണ് സ്വഭാവം എന്ന ഷ്ണട്ടാർക്ക് പറയുന്നു. നല്ലമൂല്യങ്ങൾക്കു നമ്മിൽ സ്ഥിരതയുണ്ടാകണം. തന്നോടു തന്നെ സത്യസന്ധതപുലർത്തുന്നവനേ നല്ല ശീലങ്ങളിൽ സ്ഥിരതയുണ്ടാകൂ. ജീവിക്കാൻ കൊതിപ്പിക്കുന്ന നല്ല ശീലങ്ങളിൽ സ്ഥിരതയുണ്ടാകൂ. ജീവിക്കാൻ കൊതിപ്പിക്കുന്ന നല്ല ശീലങ്ങൾ നമുക്കു സ്വന്തമാക്കാം. മാന്യതയും കുലീനതയും യഥാർത്ഥ വിനയവും എളിമയും

നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാം. മാന്യതയും കുലീനതയും യഥാർത്ഥ വിനയവും എളിമയും നമ്മുടെ സ്വഭാവമാണെന്ന് പ്രവൃത്തികളിലൂടെ പ്രകടിപ്പിക്കാം. ലക്ഷ്യം നേടുന്നതുവരെ നീളുന്ന പാലങ്ങളാണ് നമ്മുടെ ശീലങ്ങൾ എന്ന സത്യം എന്നുമോർക്കാം.!



സി.ആർഷ
എച്ച്.എസ്.ടി.മലയാളം

# പ്രകൃതിയെ സംരക്ഷിക്കാം

**കൂട്ടുകാരേ, നമുക്ക് ചുറ്റും നോക്കൂ പൂക്കളും മരങ്ങളും പക്ഷിമൃഗാദികളും പച്ചപ്പും നിറഞ്ഞ ഒരു ലോകം. നമ്മുടെ ചുറ്റുപാടുകളെ എന്നും പച്ചപ്പോടുകൂടി നിലനിർത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ദൈവം നമുക്ക് കനിഞ്ഞുനൽകിയ പ്രകൃതിയാകുന്ന പൂന്തോട്ടത്തെ കാത്തു സൂക്ഷിക്കുന്ന തോട്ടക്കാരാണ് നാമോരോരുത്തരും. ജീവ സാഹചര്യം പ്രകൃതിയിൽ ഒരുപാട് മറ്റമുണ്ടാക്കുന്നുണ്ടെങ്കിലും നമുക്ക് പരമാവധി പ്രകൃതിയെ സംരക്ഷിക്കാനുള്ള സമയം കണ്ടെത്തണം. മരങ്ങളില്ലെങ്കിൽ മണ്ണും മനുഷ്യരും പക്ഷിമൃഗാദികളും ഒന്നിനും നിലനിൽപ്പുണ്ടാവില്ല. വായുവും വെള്ളവും മലിനമാക്കാതെ സംരക്ഷിക്കുമെന്ന് നമ്മൾ ഓരോരുത്തരും തീരുമാനമെടുക്കണം. ദൈവത്തിന്റെ പ്രസാദമായ ഈ ഭൂമിയിൽ പരസ്പരം സഹായിച്ചും സഹകരിച്ചും പരിഗണന കൊടുത്തും നമുക്ക് മാതൃകയാകാം.**



സിസിരിയ. എസ്

8–ഡി

# അമ്മ

കാലത്തിൻ വേഗത്തിൽ
ഞാൻ വളർന്നു.
അമ്മതൻ ഉദരത്തിൽ
ഞാൻ വളർന്നു.
കുഞ്ഞികാലുകൾ പിച്ചവെച്ച
അമ്മതൻ ചുംബനം ഏറ്റുവാങ്ങി.
ഓരോ പടവുകൾ കയറി തുടങ്ങി
അറിവുകൾ ഓരോന്നും കീഴടക്കാൻ.
അച്ഛന്റെ സ്നേഹത്താൽ
ഞാൻ വളർന്നു.
അമ്മതൻ വാത്സല്യം ഞാനറിഞ്ഞു
ഉയരങ്ങൾ ഞാനിന്നു കിഴടക്കും.
എത്രവളർന്നാലും ഞാനിന്നു–
മമ്മതൻ ഓമൽ പൈതൽ
അമ്മതൻ സ്നേഹത്തിൻ പകരം വെക്കാൻ
ഇല്ലല്ലോ ആരുമീ ലോകത്തെങ്ങും



ഐശ്വര്യ ദാസ്
9 സി

പാഥേരം

# വിദ്യാർത്ഥി രാഷ്ട്രീയം

മതം, വിദ്യാർത്ഥി, രാഷ്ട്രീയം മൂന്നും തികച്ചും വ്യത്യസ്തമായ വിഷയങ്ങൾ. മൂന്നും ഒരു ശരാശരി രാജ്യത്തിന്റെ പ്രധാനഘടകങ്ങളിൽ ഒന്ന്. ഒരു പരിധി കടന്നാൽ രാജ്യത്തെ ആകെ ഇളക്കി മറിക്കാൻ കഴിവുള്ളവയാണ്. ഇത് മൂന്നും ഒന്നായി പ്രവർത്തിക്കുമ്പോൾ എന്താണ് ഭവിക്കുന്നത്? ഓരോ വി-ദ്യാർത്ഥിക്കും അവർ ജനിച്ചുവളർന്ന മതാചാരങ്ങൾ ഉണ്ടായിരിക്കും. തീർച്ചയായും ഒരു രാഷ്ട്രീയ കാഴ്ചപ്പാടും ഉണ്ടാവണം. ഒരു ജീവിതകാലം മുഴുവൻ ഓർത്തു വെയ്ക്കാനുള്ള കലാലയജീവിതത്തിൽ ഒന്നിച്ചു നിൽക്കേണ്ടവർ പല വർണക്കൊടികൾ ഉയർത്തി പരസ്പരം പോരടിക്കുന്നത് എന്തിനാണ്? വിദ്യാഭ്യാസം നേടും തോറും പുറകോട്ട് പോകുന്ന ചിന്താഗതി ഇവരെ എവിടെ കൊണ്ടെ ത്തിക്കും? മതരാഷ്ട്രീയത്തിന്റെ ഇരകൾ എന്ന നിലയിലേക്കോ അതോ ജയിൽ മുറികളിലേക്കോ? ഉത്തരം നിങ്ങൾ തന്നെ ക ണ്ടെത്തിക്കൊള്ളുക.



അഖില പി
9 ഡി

# വായനയുടെ മഹത്വം

# മഹാൻമാരുടെ വരികളിലൂടെ

- **വാ**യിച്ചാലും വളരും വായിച്ചില്ലേലും വളരും; വായിച്ച വളർന്നാൻ വിളയും വായിക്കാതെ വളന്നാൽ വളയും
  
  –കുഞ്ഞുണ്ണിമാഷ്.
- സാം രാജ്യാധിപൻ അല്ലായിരുന്നെങ്കിലും ഒരു ഗ്രന്ഥ ശാല സൂക്ഷിപ്പുകാരനായിരിക്കാനാണ് എനിക്കിഷ്ടം
  
  –നെപ്പോളിയൻ
- വളരെയധികം ചിന്തിക്കുക;കുറച്ചുമാത്രം സംസാരിക്കുക;അതിലും കുറച്ച് എഴുതുക. കാരണം എഴുതുന്നത് തലമുറകളോളം രേഖയായിരിക്കും.
  
  –എബ്രഹാം ലിങ്കൺ.
- ശരീത്തിന് വ്യായാമം എങ്ങനെയോ അതുപോലെയാണ് മനസ്സിന് വായന
  
  –റിച്ചാർഡ് സ്റ്റീൻ.
- കണ്ണുകൾ തുറന്ന് സ്വപ്നം കാണാൻ പഠിപ്പിക്കുന്ന അ ക ലോകമാണ് വായന
  
  –പി.എൻ.പണിക്കർ.
- വായനയിലുടെ വളരാത്തവർ മൃഗതുല്യരാണ്
  
  –വില്യം ഷേക്സ്പിയർ.

- പുസ്തകങ്ങൾ പലതരത്തിലാണ്. ചിലത് രുചിക്കാനും, ചിലത് വിഴുങ്ങാനും,മറ്റു ചിലത് ചവച്ചിറക്കി ദഹിപ്പിക്കാനും ഉള്ളതാണ്.

  –ഫ്രാൻസ് ബേക്കൺ

- ജിവിതവസാനം വരെ എനിക്ക് 3 സാധനങ്ങൾ മതി അവ പുസ്തകം,പുസ്തകം,പുസ്തകം മാത്രം.

  –ലിയോ ടോൾ സ്റ്റോയി

- വിജയം ആസ്വാദ്യമാകണമെങ്കിൽ പ്രയാസങ്ങൾ ആവശ്യമാണ് .

  – എ. പി. ജെ അബ്ദുൾ കലാം

- ഒരിക്കലും നിങ്ങൾ തല താഴ്ത്തി നടക്കരുത്. എപ്പോഴും തല ഉയർത്തി നടക്കുക. ലോകത്തെ നേരെ നിന്ന് നോക്കുക.

  – ഹെലൻ കെല്ലർ



മേഘ എം
10 ഡി

# കണ്ണുനീർ

കളിച്ചു ചിരിച്ചു രസിച്ചു നടക്കുമ്പോഴൊ
രുമതോർത്തില്ല മരണം,
മരണമെനിക്കും നിനക്കുമെല്ലാവർക്കും
സംഭവ്യമാണെന്ന് സാരം!
ജനനം മൃത്യുതൻ മുന്നോടിയാണെന്ന
സത്യവും മറക്കുന്നു നമ്മൾ
മരണമിങ്ങെത്തുന്ന നേരത്തു കാണാം
മിഴിനീർ പുഴകൾ തൻ ആഴക്കടൽ
അവസാനമെല്ലാർക്കുമാറടി മണ്ണിൽ
വസിക്കാമെന്നതു പരമസത്യം!
അല്ലെങ്കിലോ, കനലുകൾ തൻ ചുടാറാ–
ത്തൊരു പിടി ഭസ്മം മാത്രം
എങ്ങിനെന്താകിലുമവസാനമന്നും
ബന്ധങ്ങൾ തൻ മിഴിനീർ മാത്രം!



അസ്ന.കെ.എ
9 ഇ

# എന്താണ് ജീവിതത്തിന്റെ മൂല്യം?

ഒരിക്കൽ ഒരു കുട്ടി തന്റെ അച്ഛനോട് ചോദിച്ചു.'അച്ഛാ എന്റെ ജീവിതത്തിന്റെ മൂല്യം എന്താണ്? അച്ഛൻ അപ്പോൾ അവനോട് ഒരു കല്ലെടുക്കാനായി അവശ്യപ്പെട്ടു. അതിനുശേഷം അവനോട് ഈ കല്ലുമെടുത്തു മാർക്കറ്റിൽ പോകാൻ പറഞ്ഞു. അവിടെ ആരെങ്കിലും എന്തെങ്കിലും ചോദിച്ചാൽ ഒന്നുംമിണ്ടാതെ രണ്ടു വിരൽ മാത്രം കാണിക്കുക. അവൻ അച്ഛൻ പറഞ്ഞതുപോലെ കല്ലുമെടുത്തു മാർക്കറ്റിലേക്കു പോയി. കുറേനേരം കഴിഞ്ഞപ്പോൾ. ഒരു വൃദ്ധയായ സ്ത്രീ വന്നു. അതിനുശേഷം അവർ അവനോട് പറഞ്ഞു "ഈ കല്ല് ഞാൻ വാങ്ങിക്കാം, ഇതിന് എത്ര രൂപയാണ്". അവൻ അച്ഛൻ പറഞ്ഞതുപോലെ ഒന്നും മിണ്ടാതെ രണ്ടു വിരൽ കാണിച്ചു. അ സ്ത്രീ പറഞ്ഞു "ഇതിനു ഇരുപതു രൂപയാണോ!". അങ്ങനെ അവർ അവന് ഇരുപതു രൂപ നൽകി. അവൻ ആ ഇരുപതുരൂപ കൊണ്ട് അച്ഛന്റെയടുത്തു ചെന്നു അച്ഛൻ വീണ്ടും അവനോട് ഒരു കല്ലെടുത്തു മ്യൂസിയത്തിലേക്കു ഇതുപോലെ പോകാൻ പറഞ്ഞു. അങ്ങനെ അവൻ അവിടേക്കു പോയി. കുറെ സമയം കഴിഞ്ഞപ്പോൾ ഒരാളുവന്ന് "സാർ ഇതിന് എത്ര രൂപയാണ്" എന്ന് ചോദിച്ചു. അവൻ ഒന്നുംമിണ്ടാതെ രണ്ടു വിരൽ മാത്രം കാണിച്ചു. "ഇതിന് രണ്ടായിരം രൂപയാണോ" അയാൾ പറഞ്ഞു. അവൻ അങ്ങനെ പൈസയും കൊണ്ട് അച്ഛന്റെ അടുത്തേക്കു പോയി. അച്ഛൻ വീണ്ടും

അവനോട് വജ്ര കല്ല് വിൽക്കുന്ന കടയിലേക്ക പോകാൻ പറഞ്ഞു. അവനവിടേക്കുപോയി അവിടെ ചെന്ന് കുറച്ചുനേരം കഴിഞ്ഞപ്പോൾ വജ്ര ക്കടക്കാരനായ വൃദ്ധാൻ അവന്റെ കല്ല് വാങ്ങി പതിവുപോലെ അയാളും ഇതിനു എത്രരൂപയാണെന്നു ചോദിച്ചു. എപ്പോഴത്തെയും പോലെ അവൻ ഒന്നുംമിണ്ടതെ രണ്ടു വിരൽ മാത്രം കാണിച്ചു. അയാൾ അതിനു പറഞ്ഞ വില രണ്ട് ലക്ഷം രൂപയാണ്. അവൻ അതു നേരെ അച്ഛനോട് വന്നു പറഞ്ഞു." ഇപ്പോൾ മനസ്സിലായോ ജീവിതത്തിന്റെ മൂല്യം എന്താണെന്ന്, നമ്മുടെ ജീവിതവും എവിടെയായിരിക്കുന്നുവോ അതിനനുസരിച്ചാണ് മൂല്യം നിശ്ചയിക്കപ്പെടുന്നത്." നമ്മുടെ മൂല്യം കണ്ട് നമ്മെ സ്നേഹിക്കുന്ന ഒരുപാടു പേർ നമുക്കു ചുറ്റുമുണ്ട്. നാം അവരെ ചേർത്തു പിടിക്കണം. അവർ വജ്ര വ്യാപാരിയെപോലെയാണ്. നമ്മെ ആവശ്യത്തിനു മാത്രം ഉപയോഗിക്കുന്നവരും നമ്മുടെ ചുറ്റിലുമുണ്ട്. അവർ നമ്മുടെ ആരുമല്ല എന്നു മനസ്സിലാക്കുക. നമ്മുടെ ജീവിതത്തിന്റെ മൂല്യം തിരിച്ചറിയേണ്ടത് നാം ഒരോരുത്തരുമാണ്.



ശ്രേയ പി
9 ഡി

# മഴ

വർഷക്കാലത്തിന്റെ പ്രതി–
ബിംബം പോൽ....
പൊഴിയുന്ന വാരിതൻ
നീർത്തുള്ളിയായ്
കുളിരായി ചെടികളെ
തളിരണിയിക്കുന്നു,
ഈറനായ് ചൊരിയുന്ന
കൊച്ചു മഴ!
ദാഹത്താൽ വറ്റി–
വരണ്ടൊരീ ഭൂവിന്
സാന്ത്വന മേകുന്നൊ–
രോമൽ മഴ!



ആതിര എസ്
10 സി


# ഡോക്ടേഴ്സ് ഡേ

മാർച്ച് 30 ന് ഡോക്ടേഴ്സ് ഡേ ആണ്. വെള്ളക്കുപ്പായമിട്ട്, ഭൂമിയിലേക്ക് ചിലപ്പോഴെങ്കിലും ഇറങ്ങി വരുന്ന ദൈവദൂതൻമാർ. തങ്ങളുടെ ആയുസ് ഇവരുടെ കയ്യിലാണെന്നു കരുതിപ്പോകുന്നവരാണ് രോഗികൾ. ഇവർക്കു പറ്റുന്ന ഒരു കയ്യബദ്ധം മതിയാകും, ഈ ലോകത്തെ ഒരാളുടെ ആയുസിന്റെ ചങ്ങലക്കണ്ണി വിട്ടുവിക്കുവാൻ. കൊറോണക്കാലത്തും വിശ്രമമില്ലാതെ ജോലി ചെയ്യുന്നവരാണ് ഇവർ. പകർച്ചവ്യാധിയുടെ ഭയം ലോകത്തെ കീഴടക്കുമ്പോഴും സ്വന്തം കുടുംബത്തെ ഓർത്തിട്ടും അതു മനപൂർവം മറന്ന് ഇതിനായി കൈ മെയ്യ് മറന്ന് അധ്വാനിക്കുന്നവരാണ് ഇവർ. രോഗീപരിചരണത്തിനിടയിൽ രോഗം പകർന്നുകിട്ടിയവരും ഇവർക്കിടയിലുണ്ട്. ലോകത്തിലെ മഹാമാരി ബാധിച്ച ആളുകളെ രക്ഷിക്കുന്ന മികച്ച യോദ്ധാക്കളാണ്, മുന്നണി പോരാളികളാണ് ഡോ-ക്ടർമാർ. ആയതിനാൽ ആയുധമേന്തിയ ദൈവത്തേക്കാൾ വൈദ്യമറിയുന്ന ഡോക്ടറെയാണ് നാം ആദരിക്കേണ്ടത്. മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാൻ നോക്കി ഇതിനിട യിൽ ജീവൻ നഷ്ടപ്പെട്ട ഡോക്ടമാരുമുണ്ട്. നാളെ തങ്ങളും ഇതേ അവസ്ഥയിലെത്തുമോയെന്ന ഉറപ്പില്ലാത്ത ഇവർ ഇന്നും തങ്ങൾക്കു മുന്നിലെത്തുന്ന ജീവനെ കുഞ്ഞിനെ കാക്കുന്ന അമ്മയുടെ കരുതലോടെ കാത്തു വയ്ക്കുന്നവരാണ്. നിരോധനങ്ങൾ ലംഘിച്ച

നിരത്തിലിറങ്ങാൻ മനസും ശരീരവും ത്വര കാണിക്കുമ്പോൾ നാമോർക്കണം, സ്വന്തം കുംടുംബത്തേയും ജീവനെയും കുറിച്ച് ചിന്തിക്കാതെ വെള്ളക്കുപ്പായത്തിനുള്ളിൽ മനസും സങ്കടങ്ങളും ആശങ്കകളും നിരാശകളുമെല്ലാം മൂടി വച്ച് ജീവന് കാവൽ വിളക്കായി നിൽക്കുന്ന ആ വെള്ളയുടുപ്പിട്ട ദൈവദൂതന്മാരെ. അവർക്ക് ഈ ദിനത്തിൽ ഒരു ബിഗ് സല്യൂട്ട്.



ഷിറിൻ എസ്
10 ഇ



# മൈത്രി

ധരിത്രീ നീ എത്ര സുന്ദരം

നിൻ വൃക്ഷലതാദികൾ പുഷ്പങ്ങൾ
ജലാശയങ്ങൾ ഇവ നിന്നതി–
മനോഹരമായി ചമയിച്ചൊരുക്കുന്നു
നിന്നെയിത്ര മനോഹരമായി
ചമയിച്ചതാര്?
നിന്നിൽ നിത്യം പ്രകാശകിരണം
ളുകുമെന്ന വാി   ാനം
പാലിച്ചുപോകുന്ന നിൻ
മിത്രം ദിവാകരനോ?
തമസ്സാൽ നീ മൂടപ്പെടുന്ന
വേളയിൽ പാൽനിലാവു
പൊഴിച്ചുനിനക്കാശ്വാസമേ–
കുന്നമ്പിളിയോ?
നിന്നിലെ സസ്യങ്ങളാകുന്ന
കുന്തലിൻ ചെറുചഞ്ചലം
സൃഷ്ടിക്കുമിളം തെന്നലോ?
അതോ നീർക്കുമിളകളാൽ
നിന്നെ കുളരണിയിക്കുന്ന

കാർമേഘങ്ങളോ?
മൈത്രിയോളം മഹനീയമാം
മറ്റെന്തുണ്ടി ജീവിതത്തിൽ,
ഇത്ര സുചഹ്എ മാം മൈത്രി
സ്വന്തമാക്കിയ വസുന്ധരേ,
ധന്യയാണവിടുന്ന്......!



ഗായത്രി കെ.വി
9 ഇ

# പഠനം അനുഭവത്തിലൂടെ...

ഗുരുകുല പഠനത്തിനുശേഷം പ്രായോഗിക ജീവിതപരിശീലനത്തിനു ഗുരു ശിഷ്യരെ പല വീടുകളിലേക്കയച്ചു. ഒരാൾക്കു ലഭിച്ചതു നഗരത്തിൽ മാലിന്യം നീക്കുന്നയാളിന്റെ വീടായിരുന്നു. ശിഷ്യന് അതൃപ്തി തോന്നിയെങ്കിലും മറ്റു മാർഗങ്ങളില്ലാത്തതുകൊണ്ട് അവിടെത്തന്നെ തുടരാൻ തീരുമാനിച്ചു. അയാൾ മാലിന്യങ്ങളും അവശിഷ്ടങ്ങളും ശേഖരിക്കുമ്പോൾ അകലം പാലിച്ചാണു ശിഷ്യൻ നിന്നത്. ജോലിക്കു ശേഷം അയാൾ വീട്ടിലെത്തി ദേഹശുദ്ധി വരുത്തി, പ്രായം ചെന്ന മാതാപിതാക്കളെ കുളിപ്പിച്ചു. അവർക്കു മരുന്നും ഭക്ഷണവും നൽകി. വീടും വൃത്തിയാക്കിയശേഷം അയാൾ ശിഷ്യനോടു പറഞ്ഞു: ഞാനധികം പഠിച്ചിട്ടില്ല, എഴുത്തും വായനയും നന്നായി അറിയില്ല. ആകെയുള്ളത് എന്റെ ജോലിയും കുടുംബവുമാണ്. രണ്ടിടങ്ങളിലും ഞാൻ നൂറു ശതമാനം സത്യസന്ധത പുലർത്താറുണ്ട്. കണ്ടുമുട്ടിയും അനുഭവിച്ചറിഞ്ഞും പഠിക്കാൻ തുടങ്ങിയാൽ പിന്നെ എന്തിനെയും ആദരവോടെ മാത്രമേ കാണാനാകൂ. അകത്തിരുന്നു പഠിച്ചതുപോലെയല്ല പുറത്തുള്ള ജീവിതമെന്നും പുറമേ കാണുന്നതുപോലെയല്ല അകലേയുള്ള ജീവിതമെന്നും അപ്പോൾ മനസ്സിലാകും. അഭംഗിയുള്ള ചിലരുടെ അസാധാരണ കർമങ്ങൾക്കൊണ്ടാണു പ്രകൃതിസൗന്ദര്യംപോലും നിലനിൽക്കുന്നത്. വൃത്തിയാക്കുന്നവരെ കാണാൻ വൃത്തിയുണ്ടാകില്ല. പക്ഷേ അവരില്ലായിരുന്നെങ്കിൽ എത്ര വൃത്തിഹീനമാകുമായിരുന്നു പരിസരം! പുറമേ വൃത്തിയായി നടക്കുന്ന ചിലർ വലിച്ചെറിയുന്ന വൃത്തികേടുകളാണ് അവർ നിരന്തരം

വൃത്തിയാക്കുന്നത്. പരസ്യജീവിതവും രഹസ്യജീവിതവും എല്ലാവർക്കുമുണ്ട്. രണ്ടും ഒരുപോലെ വൃത്തിയുള്ളതാക്കാൻ കഴിയുമ്പോഴാണ ജീവിതം വിശുദ്ധമാകുന്നത്.



അനീഷ അസിയ പി.എം
9 ബി

# തിരിച്ചറിവ്

സായാഹനത്തിന്റെ ഏകാന്തതയിലേക്ക് നോക്കി അല്പം വിഷാദത്തോടെ അവൾ നില്ക്കുകയാണ്. അവൾ അറിയാതെ ജനലഴികൾക്കിടയിലൂടെ മന്ദമാരുതൻ അവളെ തഴുകി കടന്നു പോകുന്നു. പകലിനോട് വിടപറഞ്ഞ് അരുണൻ ആഴകടലിലേക്ക് മറഞ്ഞകലുന്നു. കൈയ്യിൽ ഒരു മാർക്ക് ലിച്ച ം പിടിച്ച് കൊണ്ട് അവൾ ഓർമ്മകളിലേക്ക് ഊളിയിട്ടിറങ്ങി. അമ്മയുടെ ഇട് 1ിടെയുള്ള ഓർമ്മപ്പെടുത്തലുകൾ മോളെ, നീതു ഫോണിൽ നോക്കിയിരുന്നത് മതി ഇനി അല്പസമയം പഠിക്കൂ.. ഞാൻ പഠിക്കുകയാണമ്മേ... പലപ്പോഴും അമ്മയറിയാതെ ഫോണിൽ കളിച്ച് സമയം കളഞ്ഞത് അവൾ വേദനയോടെ ഓർത്തു. പണി കഴിഞ്ഞ് ക്ഷീണിതനായി വീട്ടിൽ വരുന്ന അച്ഛൻ പറയാറുണ്ട് എന്റെ മോൾ പഠിച്ച് ഒരു ഡോക്ടറാകണമെന്ന്. ആ പ്രിയപ്പെട്ടവരുടെ വാക്കുകൾ അവളുടെ കാതുകളിൽ തുളച്ചുകയറി. പെട്ടെന്ന്! അവൾ ചിന്തയിൽ നിന്നുണർന്നു. അവൾ ചാടിയെഴുന്നേറ്റു ഇല്ല വൈകിയിട്ടില്ല. ഞാൻ കഠിനാധ്വാനം ചെയ്തു പ-ഠിക്കും ഇനി നല്ല മാർക്ക് വാങ്ങിക്കണം. എന്റെ മാതാപിതാക്കളുടെ പ്രതീക്ഷക്കൊത്ത് ഉയരണം. അവൾ തന്റെ മുറിയിൽ നിന്നും പുറത്തേക്കിറങ്ങി മാതാപിതാക്കളുടെ കാല്ക്കൽ വീണ് മാപ്പപേക്ഷിച്ചു. ദൈവത്തിന്റെ മുമ്പിൽ തിരിതെളിച്ച് ദൈവാനുഗ്രഹം വാങ്ങി അവൾ മുന്നോട്ടുകുതിച്ചു....

തുടർന്നുള്ള കാലഘട്ടം അവൾ സ്വന്തം ഇഷ്ട്ടങ്ങളും, ചിത്തകുട്ടു കെട്ടുകളുമെല്ലാം ഉപേക്ഷിച്ചു. പഠനത്തിൽ മാത്രം ശ്രദ്ധാകേന്ദ്രീകരിച്ചു. ഇന്നവൾ ഡോ.നീതു പ്രഭാകറാണ്. കാരുണ്യത്തിന്റെ മാലാഖയായി രോഗികൾക്കിടയിൽ അവൾ പാറിനടക്കുന്നു.



സി.സെലിൻ
എച്ച് എസ് ടി മലയാളം

# ചിന്ത

അന്ന് ആദ്യമായി ഈ കലാലയത്തിന് മുന്നിൽ നിന്ന നാൾ

ഇനി മൂന്ന് വർഷങ്ങൾ ഇവിടെ എങ്ങനെ നിൽക്കുമെന്നായിരുന്നു എന്റെ ചിന്ത പിന്നീട് ഈ ക്ലാസ്സിലേക്ക് വന്നപ്പോൾ ഒരുപാട് അപരിചിത മുഖങ്ങളും ഞാനമ്മായുള്ള സൗഹൃദങ്ങൾ എ-ങ്ങനെയാകും എന്നുള്ളതായി എന്റെ ചിന്ത പിന്നീട് വസന്തം വന്നു വർഷം വന്നു, കാലങ്ങൾ മാറിമാറി  വന്നുകൊണ്ടേയിരുന്നു. ആ മാറ്റങ്ങളിൽ സൗഹൃദത്തിൻ തീവ്ര തയിൽ ആണ്ടുപോയ ഞാൻ മൂന്നാണ്ടുകൾ മാറിമറിഞ്ഞതറിഞ്ഞില്ല!

ഇന്ന്............

ഒരാത്മാവായി ജീവിക്കുന്ന ഈ ലോകത്തുനിന്ന്  എങ്ങനെ വേർപെട്ട് പോകുമെന്നുള്ളതായി എന്റെ ചിന്ത ഇനിയും കാലങ്ങൾ മായുമ്പോൾ ബന്ധങ്ങൾ കൂട്ടിയോജിപ്പിക്കാൻ ആകുമോ എന്നുള്ളതാണ് എന്റെ ചിന്ത.



അശ്വനി.എ
9–ഇ

# ഒരു കൊറോണ കാലത്ത്

കോവിഡ്-19 വൈറസ് - നമ്മൾ കേട്ട് തുടങ്ങിയത് 2020 ജനുവരിയോടെയാണ്. ന്യൂസ് ചാനലിൽ ഇടക്കിടെ ന്യൂസ് വന്നെങ്കിലും നമ്മുടെ തിരക്കേറിയ ജീവിതത്തിൽ അതിനെ ശ്രദ്ധിക്കാൻ ആർക്കും നേരമുണ്ടായില്ല. ശ്രദ്ധിച്ചു തുടങ്ങിയത് നമ്മുടെ  കൊച്ചു കേരളത്തിൽ തൃശൂർ ജില്ലയിൽ ആദ്യമായി കൊറോണ രോഗം റിപ്പോർട്ട് ചെയ്തുതുടങ്ങിയതോടെയാണ്. അതിനു ശേഷം ധാരാളം പുതിയ ഇംഗ്ലീഷ് പദങ്ങൾ എല്ലാവരും കേട്ടുതുടങ്ങി. അതിൽ ആദ്യത്തേത് 'ലോക്ഡൗൺ' എന്നതാണ്. അതിന്റെ ഭീകരത വളരെ വലുതായിരുന്നു. ജനജീവിതം ഒന്നാകെ സ്തംഭിച്ചു. കൊറോണയെക്കാൾ വേഗത്തിൽ ജീവൻ നഷ്ടമായി തുടങ്ങി. അടുത്തതു ഓൺലൈൻ ക്ലാസാ ണ്. കുട്ടികളെ കൊണ്ട് രക്ഷിതാക്കൾ പൊറുതിമുട്ടിയ ക്ലാസ്സുകൾ. ഒന്നും പഠിക്കാത്തവരും 100ക്കമാർക്കോടെ  പാസ്സായി പിന്നെയോ അടുത്ത ബാച്ചിലേക്ക് സീറ്റില്ലാതെ കരയാൻ തുടങ്ങി. അർഹതയില്ലാത്തവരും അർഹതയുള്ളവരും സംഘർഷത്തിലേർപ്പെട്ടു. 'മാസ്കും സാനിറ്റൈസറും' ഇതിനിടയിൽ കച്ചവടം പൊടിപൊടിച്ചു. പലരും അതുവരെ വീട്ടിലുള്ള മരങ്ങളെയും ചെടികളെയും മൃഗങ്ങളെയും പക്ഷികളെയും ശ്രദ്ധിച്ചിരുന്നില്ല. എന്നാൽ ലോക്ഡൗൺ കാലത്ത് എല്ലാം ശ്രദ്ധയിൽപ്പെട്ടു. ചക്ക, മാങ്ങ, തേ

ങ്ങ തുടങ്ങി ഇലകളെ പോലും ഭക്ഷിച്ചു തുടങ്ങി. അതായത് മനു ഷ്യൻ ഒരു പ്രകൃതി ജീവിയായി മാറിയെന്നു സാരം. പിന്നെയോ കൊറോണ പലതരം രൂപാന്തരങ്ങളിൽ പേരുമാറി കൊണ്ടേ യിരുന്നു, അതിന്റെ ഇടയിൽ ദിവസങ്ങളും, മാസങ്ങളും, വർഷ ങ്ങളും പോയ്മറഞ്ഞു, ഒമിക്രോൺ, ഡൽറ്റ തുടങ്ങി പലവകരോ ഗങ്ങളും വന്നു. ഇവയ്യൊന്നും വലിയ സ്വാധീനം ചെലുത്താൻ കഴിഞ്ഞില്ല. എങ്കിലും ഓരോ തരംഗങ്ങളിലും മരണ സംഖ്യ കുറ ച്ചുകാണി ക്കാൻ തിരക്കുകൂട്ടി. എന്നാൽ കൊറോണ ധനസ ഹായം മര ണസംഖ്യയിലെ സത്യാവസ്ഥ പുറത്തുവിട്ടു. അങ്ങനെ പലതരം പ്രശ്നങ്ങൾ കൊറോണ കാലം എന്ന 2 വർഷങ്ങൾ ക്കിപ്പുറം തുടർന്നു. ഇത് ജനജീവിതം പട്ടുത്തുയർത്താൻ ആകാ ത്തവിധം പതനത്തിലേക്ക് തള്ളിവിട്ടു. മുഖമറയും സാമൂഹ്യ അ കലവും, ഇല്ലാതെ ശുദ്ധവായു ശ്വസിക്കുന്ന ഒരു കാലം വരുമെ ന്ന പ്രതീ ക്ഷയിൽ എല്ലാവർക്കും കാത്തിരിക്കാം. അല്ലെങ്കിൽ കൊറോണയോട് മല്ലടിച്ച് ജീവിക്കാം ശുഭം......



ജാനി വി.എം
9 സി

# മടി

കൗമാരത്തിലൊരിക്കൽ ഞാനവളുമായി
സന്ധിച്ചു, തേറ്റപ്പല്ലുകൾ
എന്റെ കഴുത്തിലിറക്കി എന്റെ
ഊർജസ്വലതയത്രയും ഊറ്റിക്കുടിച്ചു, ഇനി
നാളെയാവട്ടെ എന്ന ദുർമന്ത്രം എന്നെ
പഠിപ്പിച്ചകലാൻ നേരം ഞാൻ ചോദിച്ചു
എന്താണു പേര്? ഞാനാണു മടി ഇനി
മുതൽ നീ "മടിയനാണ്"
കാലിൽ കിടന്ന വിഷാദത്തിന്റെ കമ്പിളി
എടുത്ത് പുതയ്ക്കുമ്പോൾ ഞാൻ പറഞ്ഞു
നേരമിത്രയായോ? ഇനിനാളെ മുതൽ
തുടങ്ങാം...........



അസ്നിയ എൻ
9 ബി

# കടം കഥകൾ

1. അങ്ങേ വീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ മുറ്റമടി?
   മുള

2.അമ്മയെക്കുത്തി മകൾ മരിച്ചു?
   തീപ്പെട്ടി

3. അരയുണ്ട് കാലുണ്ട് കാൽപാദമില്ല?
   പാന്റ്

4. അടുക്കളക്കോവിൽ മൂന്നുണ്ട് തേവര്?
   അടുപ്പ്

5. അമ്മ പരന്നിട്ട് മകൾ ഉരുണ്ടിട്ട്?
   അമ്മി

6. അട്ടത്തിട്ടൊരു കൊട്ടതേങ്ങ കുട്ടിപ്പിടിക്കാൻ ഞെട്ടില്ല?
   കോഴിമുട്ട

ഞ്ഞഅടിയിൽ വട്ടക്കിണ്ണം മുകളിൽ പച്ചപന്തൽ?
   ചേന

8. അടിയ്ക്കു കൊടുത്താൽ മുടിയ്ക്കു ഫലം?
   തെങ്ങ്

9. അമ്പാട്ടെ പട്ടിക്ക് വയറ്റിൽ വാല്?
   കിണ്ടി

10. ആയിരം കണ്ണൻ ആറ്റിൽ ചാടി?
    വല

11. ആകാശത്തൊരു പഞ്ഞി കിടക്ക?
    മേഘം

12. ആയിരം പോലീസുകാർക്ക് ഒരു ബെൽറ്റ്?
    ചൂല്

13. അപ്പം പോലെ തടിയുണ്ട് അല്പം മാത്രം തലയുണ്ട്?
    ആമ

14. മുള്ളുണ്ട് മുരിക്കല്ല, കൈപ്പുണ്ട് കാഞ്ഞിരമല്ല?
    പാവക്ക

15. അടി മുള്ള്, നടു കാട് തലപൂവ്?
    പൂവൻകോഴി

16. അകന്നു നിന്നു നോക്കികാണും കണ്ടതെല്ലാം ഉള്ളിലാക്കും?
    ക്യാമറ



ശ്രീലക്ഷ്മി കെ
9 ഇ

# കാർമേഘം

മനം പോലെ മാനവും
ഇരുളുന്നു വീണ്ടും.....
പെയ് തൊഴിയുന്നില്ല
ഒരു തുള്ളിപ്പോലും
ഘനമേറെയാണതാനന്ദ....
ആർത്തലച്ചു പെയ്യണം
ലര വായ് വീണ്ടും വീണ്ടും....
വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിതുപോൽ തുടരാൻ



അർച്ചന.കെ.ആർ
8-ഡി

# നിറ മനസ്സോടെ......

'കടൽ ' അനന്തതയുടെ പാഠമാണ്. കണ്ണെത്തും ദൂരത്തുള്ള കാഴ്ചകളിൽ നിന്ന് കണ്ണെത്താദൂരങ്ങളിലുള്ള സ്വപ്നങ്ങളിലേക്കുള്ള വാതിലാണ് 'പാഥാരം'. ഒപ്പം കൺമുന്നിലുള്ള സ്ഥിരക്കാഴ്ചകളെ വിട്ട് പുതിയ സൗന്ദര്യം കാണാൻ, വ്യത്യസ്ത കാഴ്ചകൾ കാണാൻ 'പാഥാരം' നിങ്ങളെ ക്ഷണിക്കുന്നു...... വിശുദ്ധിയുടെ പാൽ നിറത്തോടെ പതഞ്ഞു പൊന്തുന്ന തിര കാൽ പാദങ്ങളെ തഴുകി കടന്നു പോകുമ്പോൾ പുതിയ സൂര്യോദയത്തിലേക്ക് മിഴിതുറക്കാൻ ഈ പാഥാര യാത്രയിലൂടെ നിങ്ങൾക്കു സാധിക്കട്ടെ........!!!





ചെറുപുഷ്പം ജി എച്ച് എസ് എസ്

വടക്കഞ്ചേരി, പാലക്കാട്- പിൻ-678683